

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

കാരാകുറിശ്ശി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം. കെ.എസ്.എ പികെഡി. പി 12/144/26

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 17/02/2026
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാരാകുറിശ്ശി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാരാകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാരാകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം. കെ.എസ്.എ പികെഡി. പി 12/144/26 തീയ്യതി: 17/02/2026

പാലക്കാട് ജില്ലയിലെ കാരാകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കാരാകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 09-12-2024 മുതൽ 27-01-2026 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 41 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 05-02-2026 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ

ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
സാബു പി	ഡെപ്യൂട്ടി ഡയറക്ടർ	28-01-2026	05-02-2026

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
28-01-2026	05-02-2026

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ബിജു ആന്റണി യു, ഓഡിറ്റ് ഓഫീസർ
ശ്രീമതി. കാർത്തിക പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ഷഹീർ എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. അസ്‌ലം എം എ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. പ്രേമലത എ	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീമതി. രാഗിണി എ	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-04-2024	16-04-2024

ആർ			
ശ്രീ. ജെയ് എം എ	സെക്രട്ടറി	17-04-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. റീന വി	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	31-03-2025
ശ്രീമതി. രാഗിണി എ ആർ	അസിസ്റ്റന്റ് സെക്രട്ടറി	01-04-2024	31-03-2025
ശ്രീമതി. കണ്ണമ്മ യു ആർ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2024	07-04-2024
ശ്രീമതി. രാധിക കെ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	08-04-2024	31-03-2025
ഡോ. ജയകൃഷ്ണൻ എ	വെറ്ററിനറി സർജൻ	01-04-2024	31-03-2025
ഡോ. ശ്രീജിത്ത് ഹരിദാസ്	മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.)	01-04-2024	31-03-2025
ശ്രീമതി. ശാന്തി എലിസബത്ത് കുര്യൻ	കൃഷി ഓഫീസർ	01-04-2024	31-03-2025
ശ്രീ. ദേവദാസ് സി ആർ	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	28-04-2024
ശ്രീമതി. ലിജി ജോസ്	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	29-04-2024	31-03-2025
ഡോ. ജോഷ്ന ടി പി എം	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2024	31-03-2025

ഡോ. പ്രതിഭ വിദ്യാധരൻ	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2024	31-03-2025
ശ്രീമതി. വിലാസിനി ടി	ഹെഡ് മിസ്ട്രസ്	01-04-2024	31-03-2025
ശ്രീമതി. ശ്രുതിരാജ് പി	വി.ഇ.ഒ.	01-04-2024	31-03-2025
ശ്രീമതി. ശ്യാമ എം എ	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-1
2	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
3	ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല	1-1-2
4	പ്രിയർ പിരീഡ് എക്സ്പെൻഡിച്ചർ/ഇൻകം വിവരങ്ങൾ നോട്ട്സ് ഓൺ അക്കൗണ്ടായി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല	1-1-3
5	അക്രൂവൽ സ്വഭാവമില്ലാത്ത വരവുകൾ വിവിധ ഷെഡ്യൂളുകളിൽ വ്യത്യസ്തം	1-1-4
6	ആസ്തി വിവരങ്ങൾ കാലികമല്ല – ആസ്തി മൂല്യങ്ങളുടെ കൃത്യത ഉറപ്പാക്കാൻ കഴിയുന്നില്ല	1-1-5
7	CFC – ബാലൻസ് ഷീറ്റിലെ വിവിധ ഷെഡ്യൂളുകൾ പ്രകാരമുള്ള നീക്കിയിരുപ്പ് പൊരുത്തപ്പെടുന്നില്ല	1-1-6
8	Excess Of Income Over Expenditure (310900101) ഹെഡിലെ നീക്കിയിരിപ്പ് - ബാലൻസ് ഷീറ്റിലേയും ട്രയൽ ബാലൻസിലേയും തുകകൾ പൊരുത്തപ്പെടുന്നില്ല	1-1-7
9	പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല	1-1-8
10	ഡെപ്പോസിറ്റ് ചെയ്ത തുക - അതത് ഹെഡിൽ ചേർത്തിട്ടില്ല	1-1-9
11	മുൻകൂർ രജിസ്റ്റർ കാലികമല്ല - ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-18 പ്രകാരമുള നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പാക്കാൻ കഴിയുന്നില്ല	1-1-10
12	സാമൂഹ്യ സുരക്ഷാ പെൻഷൻ- കണക്കുകൾ കൃത്യമല്ല	1-1-11

13	ബജറ്റ്	1-2
14	സാമ്പത്തിക വിശകലനം (രസീറ്റ് & പെമെന്റ് പ്രകാരം)	1-3
15	ഫണ്ട് വിനിയോഗം	1-4
16	പദ്ധതി അവലോകനം	1-5
17	തൊഴിലുറപ്പ് പദ്ധതി	1-6
18	ക്ഷേമ പദ്ധതികൾ	1-7
19	ക്യാഷ് പരിശോധന	1-8
20	ആഭ്യന്തര നിയന്ത്രണം	1-9
21	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
22	K-SMART അപാകതകൾ	1-11
23	പ്രതിമാസ റികൺസിലിയേഷൻ പത്രികകൾ തയ്യാറാക്കിയിട്ടില്ല	1-12
24	അൺ എയ്ഡഡ് സ്കൂളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല	1-13
25	ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല	1-14
26	പഞ്ചായത്ത് പരിധിയിൽ അനധികൃതമായി ജിം, ഫുട്ബോൾ ടർഫ് എന്നിവ പ്രവർത്തിക്കുന്നു	1-15
27	ഐ സി ഡി എസ് സൂപ്പർവൈസർ കാഷ് ബുക്ക് കൃത്യമായി പരിപാലിക്കുന്നില്ല	1-16
28	ഭിന്നശേഷി കലാമേള - അധികം തുക അനുവദിച്ചു	1-17
29	വയോജനങ്ങൾക്ക് കട്ടിൽ പദ്ധതി – ജി.എസ്.ടി ടി.ഡി.എസ് തുക കുറവായി ഈടാക്കി	1-18
30	മുൻകുർ തുകകൾ ക്രമീകരിച്ചിട്ടില്ല	1-19
31	HDPE കണ്ടെനർ വിതരണം പദ്ധതി - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.	1-20

32	ഹരിത സഹായ സ്ഥാപനത്തിന് തുക കൈമാറൽ - നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല	1-21
33	വീട് വാസയോഗ്യമാക്കൽ - ജനറൽ വിഭാഗം - പദ്ധതി പൂർത്തീകരിച്ചിട്ടില്ല	1-22
34	വീട് വാസയോഗ്യമാക്കൽ - പട്ടികജാതി വിഭാഗം - പദ്ധതി പൂർത്തീകരിച്ചിട്ടില്ല.	1-23
35	മുൻവർഷങ്ങളിലെ ഗുണഭോക്തൃ വിഹിതം ചെലവഴിച്ചിട്ടില്ല	1-24
36	തെരുവ് വിളക്ക് - മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല	1-25
37	ഓഡിറ്റ് ഇംപാക്ട് - പ്രവൃത്തി പൂർത്തീകരണം വൈകിയതിന് 6179/- രൂപ ഓഡിറ്റ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ തിരികെ ഒടുക്കി	1-26-1
38	പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും പിഴ ഈടാക്കിയിട്ടില്ല.	1-26
39	ഇ-ടെൻണ്ടർ ഫീസ് പഞ്ചായത്തിന്റെ തനതുഫണ്ടിൽ യഥാസമയം അടവാക്കുന്നില്ല.	1-27
40	പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി അനുവദനീയമായ പരിധിയേക്കാളും നീട്ടി നൽകിയിരിക്കുന്നു.	1-28
41	ചെലവ് വിവരങ്ങൾ സുലേഖ സോഫ്റ്റ് വെയർ പ്രകാരമുള്ള ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല	1-29
42	ഓഡിറ്റ് ഇംപാക്ട്- തൊഴിലുറപ്പ് പ്രവൃത്തിയിൽ അധികം നൽകിയ 3834/- രൂപ തിരികെ ഒടുക്കി	1-30
43	ലൈഫ് മിഷൻ - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല	1-31
44	കുടുംബാരോഗ്യ കേന്ദ്രത്തിലെ സായാഹ്ന ഒ പി പ്രവർത്തനത്തിനായി താത്കാലിക ഡോക്ടറുടെ നിയമനം - വേതനം അധികം നൽകി	1-32
45	പൊതു ടാപ്പുകൾ പ്രവർത്തക്ഷമമാണെന്ന് ഉറപ്പ് വരുത്താതെ	1-33

	വെള്ളക്കരം ഒടുക്കി വരുന്നു	
46	ഐ.കെ.എം. പഞ്ചായത്ത് വിഹിതം - വിനിയോഗ വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല	1-34
47	ഇലക്ട്രിക്ക് പോസ്റ്റ് മാറ്റുന്നതിന് കെ.എസ്.ഇ.ബിക്ക് തുക കൈമാറൽ - ഡെപ്പോസിറ്റ് വർക്ക് - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല	1-35
48	ദുരിതാശ്വാസ നിധി - ചട്ട പ്രകാരം വിനിയോഗിക്കുന്നില്ല	1-36
49	പട്ടിക ജാതി കുടുംബങ്ങൾക്ക് പി.വി.സി. വാട്ടർ ടാങ്ക് വിതരണം - ഗുണഭോക്തൃ വിഹിതം അധികമായി ഈടാക്കിയിരിക്കുന്നു	1-37
50	വാർഷിക ധനകാര്യ പത്രികയിലേയും സുലേഖ ചെലവ് പത്രികലേയും ചെലവ് തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു	1-38
51	വയോജന പാർക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ - വിനിയോഗ വിവരങ്ങൾ ലഭ്യമല്ല	1-39
52	പുതുതായി സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകൾ/മിനിമാസ്റ്റ് ലൈറ്റുകളിൽ മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല	1-40
53	ജൽജീവൻ മിഷൻ - പദ്ധതി അവലോകനം	1-41
54	ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും അവലോകനം	1-42
	ഭാഗം 2	
	--- No Records Found ---	
	ഭാഗം 3	
	--- No Records Found ---	
	ഭാഗം 4	
1	മെഡിസെപ് - ഇൻഷുറൻസ് പ്രീമിയം തുക അടവാക്കൽ വിശദാംശങ്ങൾ	4-1
2	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-2

3	സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-5
6	വായ്പ / വായ്പാതിരിച്ചടവ്	4-6
7	സ്ഥിര നിക്ഷേപം	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-9
10	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	വാർഷിക ധനകാര്യ പത്രി - സംക്ഷിപ്തം	

ഭാഗം -1

പൊതു അവലോകനം

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (ഇ) & (എഫ്))

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കാരാകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 25.07.2025 തീയതിയിലെ 1ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 31.07.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാനുവൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ

കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കാരാകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക

ഇടപാടുകളുടെയും 31.03.2025ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : പാലക്കാട്
തിയതി :17-02-2026

ഡെപ്യൂട്ടി ഡയറക്ടർ

1-1-2 കൃാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 5503589 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 7698078 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

1-1-3 പ്രിയർ പിരീഡ് എക്സ്പെൻഡിച്ചർ/ഇൻകം വിവരങ്ങൾ നോട്ട്സ് ഓൺ അക്കൗണ്ടായി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (I-18 & I-19) പ്രകാരം താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ്

വരുത്തുന്നതിന് സാധിച്ചിട്ടില്ല.

ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-19)	31.03.2025 ലെ ലെഡ്ജർ ബാക്കി
190100101 - Prior Period Income-Property Tax	-16854
190200401 - Prior Period Income- Other Incomes	360381
ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) 290600499 - Prior Period Expenses – Remission And Refund – Other Income	815161
290800501 - Prior Period Expenses - Programme Expenses	-740000

1-1-4 അക്രൂവൽ സ്വഭാവമില്ലാത്ത വരവുകൾ വിവിധ ഷെഡ്യൂളുകളിൽ വ്യത്യസ്തം

അക്രൂവൽ സ്വഭാവമില്ലാത്ത വരവുകൾ റസീറ്റ് ആൻഡ് പേയ്മെന്റ് ഷെഡ്യൂളിലും ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ ഷെഡ്യൂളിലും തുല്യമായിരിക്കേണ്ടതാണ്. എന്നാൽ വാർഷിക കണക്കിലെ RP-4- Fees & User Charges പ്രകാരം ആകെ തുക 3225310 രൂപയും, I-4 ഷെഡ്യൂൾ പ്രകാരം 3036917 രൂപയുമാണ്.

1-1-5 ആസ്തി വിവരങ്ങൾ കാലികമല്ല – ആസ്തി മൂല്യങ്ങളുടെ കൃത്യത ഉറപ്പാക്കാൻ കഴിയുന്നില്ല

ആസ്തി വിവരങ്ങൾ കാലികമാക്കാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11- Fixed Assets, B-11(a) - Accumulated Depreciation , B-11(e)- Capital Expenses (Infrastructure Sector) എന്നിവ പ്രകാരമുള്ള മൂല്യത്തിന്റെ കൃത്യത ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല.

1-1-6 CFC – ബാലൻസ് ഷീറ്റിലെ വിവിധ ഷെഡ്യൂളുകൾ പ്രകാരമുള്ള നീക്കിയിരുപ്പ് പൊരുത്തപ്പെടുന്നില്ല

CFC – ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരുപ്പ് 15067904 രൂപയും, B-17 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരുപ്പ് 13779102 രൂപയുമാണ്. വ്യത്യാസത്തിനുള്ള കാരണം വ്യക്തമല്ല.

1-1-7 Excess Of Income Over Expenditure (310900101) ഹെഡിലെ നീക്കിയിരിപ്പ് - ബാലൻസ് ഷീറ്റിലേയും ട്രയൽ ബാലൻസിലേയും തുകകൾ പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ (B-1) പ്രകാരമുള്ള Excess Of Income Over Expenditure (310900101) ഹെഡിലെ നീക്കിയിരിപ്പ് 1370290 രൂപയായും ട്രയൽ ബാലൻസിൽ പ്രസ്തുത ഹെഡിലെ നീക്കിയിരിപ്പായി 12684746 രൂപയായും രേഖപ്പെടുത്തിയിരിക്കുന്നു. വ്യത്യാസത്തിനുള്ള കാരണം വ്യക്തമല്ല.

1-1-8 പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ. 26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 58(4) എിച്ച് എന്നിവ പ്രകാരം കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, ലഭ്യത സംശയാസ്പാദമായ തുകകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തേണ്ടതാവുന്നു. ബാലൻസ്ഷീറ്റ് ബി 15 പ്രകാരമുള്ള കുടിശ്ശിക തുകകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

1-1-9 ഡെപ്പോസിറ്റ് ചെയ്ത തുക - അതത് ഹെഡിൽ ചേർത്തിട്ടില്ല

പ്രൊജക്ട് നം. 55/25 - 'ഇലക്ട്രിക്ക് പോസ്റ്റ് മാറ്റുന്നതിന് കെ.എസ്.ഇ.ബിക്ക് തുക കൈമാറൽ പദ്ധതി പ്രകാരം കെ.എസ്.ഇ.ബിയിലേക്ക് ഡെപ്പോസിറ്റ് ചെയ്ത 190698 രൂപ Advance To Implementing Agencies - Deposit With Kerala Electricity Board എന്ന ഹെഡിൽ ചേർത്തിട്ടില്ല.

1-1-10 മുൻകൂർ രജിസ്റ്റർ കാലികമല്ല - ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-18 പ്രകാരമുള്ള നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പാക്കാൻ കഴിയുന്നില്ല

മുൻകൂർ രജിസ്റ്ററിൽ തൻവർഷം മുൻകൂർ നൽകിയത്/ക്രമീകരിച്ചത് എന്നിവയുടെ വിവരങ്ങൾ കാലികമാക്കുകയോ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ആയതിനാൽ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-18 പ്രകാരമുള്ള നീക്കിയിരിപ്പ് തുകയായ 10230434 രൂപയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1-1-11 സാമൂഹ്യ സുരക്ഷാ പെൻഷൻ- കണക്കുകൾ കൃത്യമല്ല

സേവന പെൻഷൻ പോർട്ടൽ പ്രകാരം 2024-25 വർഷം ചെലവഴിച്ച പെൻഷൻ തുകയും ധനകാര്യ പത്രിക ഇൻകം & എക്സ്പെൻഡിച്ചർ പത്രിക I-6, I-14 (D) എന്നിവ പ്രകാരമുള്ള പെൻഷൻ തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു.

ക്രമ നം.	ക്ഷേമ പദ്ധതി	ധനകാര്യ പത്രിക ഇൻകം & എക്സ്പെൻഡിച്ചർ പത്രിക I-6, I-14 (D) എന്നിവ പ്രകാരമുള്ള തുക	സേവന പെൻഷൻ പോർട്ടൽ പ്രകാരം 2024-25 വർഷം ചെലവഴിച്ച തുക	വ്യത്യാസം
1	വാർദ്ധക്യകാല പെൻഷൻ	28406800	28455300	48500
3	വിധവാ	16680100	16851400	171300

	പെൻഷൻ			

1-2 ബജറ്റ്

09.02.2024ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം 1 പ്രകാരം ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. 24.03.2025ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം 1(1) പ്രകാരം ബജറ്റ് റിവൈസ് ചെയ്തിട്ടുണ്ട്.

റിവൈസ്ഡ് ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

മുന്നിരിപ്പ്	₹37151092
തൻവർഷം വരവ്	₹269963195
ആകെ വരവ്	₹307114287
ചെലവ്	₹285018175
നീക്കിയിരിപ്പ്	₹22096112

1-3 സാമ്പത്തിക വിശകലനം (രസീറ്റ് & പെമെന്റ് പ്രകാരം)

മുന്നിരിപ്പ്	₹42920999
വരവ്	₹63355399
ആകെ	₹106276398
ചെലവ്	₹57851810
നീക്കിയിരിപ്പ്	₹48424588

ILGMS മുഖേന തയ്യാറാക്കിയ വാർഷിക കണക്കിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്കാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്. ഗ്രാന്റിനങ്ങളിലെ വരവ്, ചെലവുകൾ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല.

മറ്റ് ഫണ്ടുകളുടെ വരവ്, ചെലവ് വിവരം ഖണ്ഡിക 1-4 ൽ ചേർത്തിട്ടുണ്ട്.

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻ ബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	ലാപ്സ് ആയ തുക
വികസന ഫണ്ട് -ജനറൽ	0	22580000	22580000	22376375	203625
വികസന ഫണ്ട് - എസ്.സി.പി	0	10383000	10383000	10383000	0
മെയ്ന്റനൻസ് ഗ്രാന്റ് - റോഡ്	0	9367000	9367000	7633484	1733516
മെയ്ന്റനൻസ് ഗ്രാന്റ് - നോൺ റോഡ്	0	4834000	4834000	4834000	0
ആകെ	0	47164000	47164000	45226859	1937141

ഫണ്ടിനം	മുൻ ബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
സി.എഫ്.സി. - അൺടൈഡ് ഗ്രാന്റ്	6203220	4394849	10598069	6787509*	3810560
സി.എഫ്.സി. - ടൈഡ്	9945823	9022000	18967823	7710479**	11257344

ഗ്രാന്റ്					

* അൺ ടൈഡ് ഗ്രാന്റിന്റെ ചെലവായി I-6 ൽ ചെർത്തിട്ടുള്ള 'Solid Waste Management - Collection And Transportation' ഹെഡിലെ 107369 രൂപ അൺ ടൈഡ് ഗ്രാന്റിന്റെ ആകെ ചെലവിൽ നിന്നും കുറച്ചിട്ടുള്ള തുകയാണ് ബാലൻസ് ഷീറ്റിലെ ലെഡ്ജർ പ്രകാരം ചെലവായി രേഖപ്പെടുത്തിയിട്ടുള്ളത്.

** വിട്ടുപോയ മുൻവർഷത്തെ 356063 രൂപയുടെ ചെലവ് കൂടി ടൈഡ് ഗ്രാന്റിന്റെ ആകെ ചെലവിനൊപ്പം കൂട്ടിയ തുകയാണ് ബാലൻസ് ഷീറ്റിലെ ലെഡ്ജർ പ്രകാരം ചെലവായി രേഖപ്പെടുത്തിയിട്ടുള്ളത്.

കേന്ദ്രാവിഷ്കൃതം

ഫണ്ടിനം	മുന്നിരുപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ICDS	3165639	2736754	5902393	1156021	4746372
TSC	200037	0	200037	150000	50037

തൊഴിലുറപ്പു പദ്ധതി

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
അഡ്മിനിസ്ട്രേറ്റീവ് ചെലവ്	9592	2389090	2398682	2378820	19862
തൊഴിലാളികളുടെ വേതനം	0	46799814	46799814	46799814	0
കാപിറ്റൽ കോൺട്രിബ്യൂഷൻ	0	3869765	3869765	3869765	0
	9592	53058669	53068261	53048399	19862

പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഹെൽത്ത് ഗ്രാന്റ് (Diagnostic InfraStructure To The PHCs)	955938	434184	1390122	362640	1027482
ഹെൽത്ത് ഗ്രാന്റ് (Health And Wellness Centres)	225164	645376	870540	214137	656403

സംസ്ഥാനാവിഷ്കൃതം

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ബെസ്റ്റ് പഞ്ചായത്ത് അവാർഡ് - ജില്ലാ തലം	100389	0	100389	0	100389
ലൈഫ് സംസ്ഥാന വിഹിതം	3495921	2000000	5495921	5495921	0
വിമുക്തി ഗ്രാന്റ്	25000	0	25000	0	25000

1-5 പദ്ധതി അവലോകനം

എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ സുലേഖ ചെലവ് പത്രിക പ്രകാരമുള്ള വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
294	169422776	195	70346381	-	99	66.33

ബി) വിവിധ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെ സുലേഖ ചെലവ് പത്രിക പ്രകാരമുള്ള വിവരം താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം	അടങ്കൽ	നടപ്പിലാക്കിതുക ചെലവഴിച്ച പദ്ധതികളുടെ എണ്ണം	ചെലവ്	ചെലവ് ശതമാനം
കൃഷി ഓഫീസർ	9	3108435	8	1729734	55.65
വെറ്റിനറി സർജൻ	7	3628085	6	1507182	41.54
മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി -	24	5886061	17	3910186	66.43
മെഡിക്കൽ	4	1590000	4	1590000	100

ഓഫീസർ - ആയുർവേദം					
ഫിഷറീസ് സബ് ഇൻസ്പെക്ടർ	4	259000	4	108000	41.7
വി.ഇ.ഒ	22	76230634	20	19866964	26.07
ICDS സൂപ്പർ വൈസർ	13	7431491	8	4851740	65.29
ഗ്രാമപഞ്ചായത്ത് സെക്രട്ടറി	58	18494264	25	8787032	47.51
ഹെഡ് മാസ്റ്റർ	5	952900	5	951861	99.89
അസിസ്റ്റന്റ് എഞ്ചിനീയർ	142	47926206	92	24094297	50.27
ഡയറി ഫാം ഇൻസ്ട്രക്ടർ	2	2348700	2	1549350	65.97
അസിസ്റ്റന്റ് സെക്രട്ടറി	4	1567000	4	1400035	89.34
ആകെ	294	169422776	195	70346381	41.52

അതത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

1-6 തൊഴിലുറപ്പ് പദ്ധതി

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്

അഡ്മിനി സ്ട്രേറ്റീവ് ചെലവ്	9592	2389090	2398682	2378820	19862
തൊഴിലാ ളികളുടെ വേതനം	0	46799814	46799814	46799814	0
കാപിറ്റൽ കോൺട്രിബ്യൂഷൻ	0	3869765	3869765	3869765	0
	9592	53058669	53068261	53048399	19862

1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം.	ക്ഷേമ പദ്ധതി	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
1	കർഷക തൊഴിലാളി പെൻഷൻ	3773400	241
2	വാർദ്ധക്യകാല പെൻഷൻ	28406800	2053
3	വികലാംഗ പെൻഷൻ	5435400	362
4	50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ	1401000	88

5	വിധവാ പെൻഷൻ	16680100	1125
6	വിധവകളുടെ പെൺമകൾക്കുള്ള വിവാഹ ധനസഹായം	30000	1

1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04-02-2026 തീയതി 10.38 AMന് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പില്ല എന്ന് പരിശോധിച്ച് ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്.

ബിൽ രജിസ്റ്ററിൽ തനത് ഫണ്ടുകളുടെ ചെലവുകളുടെ വൗച്ചർ നം. രേഖപ്പെടുത്തുന്നില്ല. തനത് ഫണ്ട് ചെലവുകളുടെ കൃത്യമായിട്ടുള്ള വിവരങ്ങൾ ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ആസ്തികളുടെ സമഗ്രമായ വിവരങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

പദ്ധതികൾ ലക്ഷ്യം പൂർത്തീകരിക്കുന്നുണ്ടെന്ന് മോണിറ്ററിംഗ് സമിതികൾ വിലയിരുത്തേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് പദ്ധതി ഫയലിൽ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

2025 ഏപ്രിൽ മാസം മുതൽ ഗ്രാമപഞ്ചായത്തിൽ കെ-സ്മാർട്ട് നടപ്പിലാക്കിയിട്ടുണ്ട്. 2025 ഏപ്രിൽ മാസം മുതൽ ബാങ്ക് അക്കൗണ്ടുകളുടെ മാസാന്ത്യ പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കിയിട്ടില്ല. റീകൺസിലേഷൻ പത്രികകൾ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ബാങ്ക് ബുക്കും പാസ് ബുക്കും തമ്മിൽ ക്രമീകരിക്കാതെ അവശേഷിക്കുന്ന തുകയുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

സകർമ്മ ആപ്ലിക്കേഷൻ മുഖേനയുള്ള ഭരണസമിതിയോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ മിനിട്ട്സ് പൂർത്തീകരിക്കുന്നതിൽ 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26 പ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല. യോഗമിനുട്സുകൾ ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കി ക്ലോസ് ചെയ്യേണ്ടതാണ്.

പദ്ധതി നടത്തിപ്പ് കാര്യക്ഷമത ഉറപ്പു വരുത്തേണ്ടതാണ്. കൃത്യമായ ആസൂത്രണത്തിന്റെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ സമയബന്ധിതമായ ഇടപെടലിന്റെയും അഭാവത്തിൽ 2024-25 സാമ്പത്തിക വർഷം ആകെ അടങ്കലിന്റെ 41.52 ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നീ ഗ്രാന്റിനത്തിൽ ലഭിച്ച 47164000 രൂപയിൽ 1937141 രൂപ ചെലവഴിക്കാനാവാതെ നഷ്ടപ്പെട്ടു. ചെലവഴിക്കാത്ത പ്രസ്തുത ഗ്രാന്റുകൾ തുടർവർഷങ്ങളിൽ ലഭ്യമാവാത്ത ഈ സാഹചര്യത്തിൽ സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പരമാവധി അതാത് വർഷങ്ങളിൽ തന്നെ ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ വികസനം ത്വരിതപ്പെടുത്താൻ ഭരണസമിതി അംഗങ്ങളും സെക്രട്ടറിയും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും ജീവനക്കാരും ശ്രദ്ധിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

02.04.2009 മുതൽ 18.04.2009 വരെ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2004-05 മുതൽ 2008-09 വർഷം വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. 20.01.2023

തീയതിയിൽ നടന്ന പെർഫോമൻസ് ഓഡിറ്റിൽ ഡിസംബർ 2022 ലെ കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. ഗുരുതരമായ ക്രമക്കേടുകളൊന്നും മുൻ റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടില്ല. പൊതുവായ പരാമർശങ്ങൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

1-11 K-SMART അപാകതകൾ

തദ്ദേശസ്വയംഭരണ(ഇ.ജി) വകുപ്പിന്റെ 10.04.2025 തിയ്യതിയിലെ സ.ഉ (കൈ) നം.66/2025/ L.S.G.D നമ്പർ ഉത്തരവിലെ നിർദ്ദേശമനുസരിച്ച് ഗ്രാമപഞ്ചായത്തുകളിൽ കെ-സ്മാർട്ട് സോഫ്റ്റ്വെയർ സംവിധാനം നിലവിൽ വന്നിട്ടുണ്ട്. കെ-സ്മാർട്ട് സംവിധാനം ആരംഭിക്കുന്ന തീയതി മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കടലാസ് രഹിത ഓഫീസുകളായി പ്രവർത്തിക്കേണ്ടതാണെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ ചെലവുകളും വരവുകളും കെ-സ്മാർട്ടിലൂടെയാണ് സ്വീകരിക്കേണ്ടതും നൽകേണ്ടതുമെന്നും മാനുവൽ രസീതുകൾ ഉപയോഗിക്കാൻ പാടില്ലെന്നും ഫീൽഡിൽ പോയി പിരിച്ചെടുക്കുന്ന തുകകളും നിർവ്വഹണ ഉദ്യോഗസ്ഥൻ പിരിച്ചെടുക്കുന്ന ഗുണഭോക്തൃ വിഹിതങ്ങളും സ്വീകരിക്കുന്നതിന് ഇ-പോസ് മെഷീനുകൾ ഉപയോഗിക്കണമെന്നും നിർദേശിക്കുന്നുണ്ട്. **നിയമാനുസൃത രജിസ്റ്ററുകളും റിപ്പോർട്ടുകളും യഥാസമയം തയ്യാറാക്കി ഏർപ്പെടുത്തുന്നതിനും വിവിധ ഔദ്യോഗിക സംവിധാനങ്ങൾക്ക് പരിശോധനകൾക്കായി പ്രസ്തുത രജിസ്റ്ററുകളും റിപ്പോർട്ടുകളും ഓൺലൈനായി തന്നെ ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ഐ.കെ.എം-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.** 2025 ഏപ്രിൽ മാസം മുതൽ ഗ്രാമപഞ്ചായത്തിലെ കെ-സ്മാർട്ട് സോഫ്റ്റ്വെയർ മുഖേനയുള്ള വരവുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) കെ-സ്മാർട്ട് പേയ്മെന്റ് ഗേറ്റ്വേ മുഖേന ഓൺലൈനായി അടവാക്കിയതും കെ-സ്മാർട്ട് ഡേ ബുക്കിൽ വരവ് രേഖപ്പെടുത്തിയതുമായ തുകകൾ ബന്ധപ്പെട്ട ലെഡ്ജറുകളിലും ബാങ്ക് ബുക്കിലും വരവായി രേഖപ്പെടുത്തുന്നുണ്ട്. പ്രസ്തുത

തുകകളിൽ ഏതൊക്കെ വരവുകൾ ഏതൊക്കെ തീയതിയിലാണ് പഞ്ചായത്തിന്റെ ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിലേക്ക് യഥാർത്ഥത്തിൽ ക്രെഡിറ്റായതെന്ന വിവരം ലഭ്യമാവുന്നത് ഇ-പേ ഡിസ്ബേഴ്സ്മെന്റ് റിപ്പോർട്ട് പ്രകാരമാണ്. പരിശോധനയ്ക്ക് ആവശ്യമായിട്ടുള്ള ഒരു നിശ്ചിത കാലയളവിലെ ഓരോ ബാങ്ക് അക്കൗണ്ടിലേക്കും ക്രെഡിറ്റായിട്ടുള്ള തുകകളുടെ വിവരങ്ങൾ അടങ്ങിയ ഇ-ഡിസ്ബേഴ്സ് റിപ്പോർട്ട് കെ-സ്മാർട്ട് സോഫ്റ്റ്വെയറിൽ ലഭ്യമാക്കിയിട്ടില്ല.

2)ഒരു നിശ്ചിത തീയതിയിലെ ഡേ ബുക്ക് പ്രകാരം കെ-സ്മാർട്ട് പേയ്മെന്റ് ഗേറ്റ്വേ മുഖേന ഓൺലൈനായി അടവാക്കിയ വരവുകൾ ബന്ധപ്പെട്ട ഇ-പേയ്മെന്റ് ബാങ്ക് അക്കൗണ്ടിലേക്ക് യഥാർത്ഥത്തിൽ ക്രെഡിറ്റായ തീയതിയോ മറ്റ് വിവരങ്ങളോ ക്രമീകരിച്ച് ലഭ്യമാക്കിയിട്ടില്ല. ക്രെഡിറ്റായ തുകകളുടെ റീക്കൺസിലേഷൻ സ്ഥാപനം നാളിതുവരെ നടത്താത്തതിനാൽ ക്രെഡിറ്റായ വരവുകളുടെയും ക്രെഡിറ്റാവാത്ത വരവുകളുടെയും വിവരം നിലവിൽ ലഭ്യമല്ല.

3) പരിശോധനയ്ക്ക് ആവശ്യമായിട്ടുള്ള ഒരു നിശ്ചിത പിരിയഡിനുള്ളിൽ ക്യാൻസൽ ചെയ്യപ്പെട്ടിട്ടുള്ള രസീതുകളുടെ റിപ്പോർട്ട് കെ-സ്മാർട്ട് സോഫ്റ്റ്വെയറിൽ ലഭ്യമാവുന്ന സംവിധാനമില്ല.

4) പരിശോധനയ്ക്ക് ആവശ്യമായിട്ടുള്ള ഓരോ ബിൽ കളക്ടറുടെയും ഒരു നിശ്ചിത കാലയളവിലേക്കുള്ള ഇ-പോസ് കളക്ഷൻ റിപ്പോർട്ട് വെവ്വേറെ ലഭ്യമാവുന്ന സംവിധാനം കെ-സ്മാർട്ട് സോഫ്റ്റ്വെയറിൽ നിലവിലില്ല.

5) ഓരോ ബാങ്ക് അക്കൗണ്ടുകളുടെയും ബാങ്ക് ബുക്കിൽ പ്രതിമാസ മുന്നിരിപ്പും നീക്കിയിരിപ്പും കെ-സ്മാർട്ട് സോഫ്റ്റ്വെയറിൽ ലഭ്യമാവുന്ന സംവിധാനമില്ല.

6) പുതിയ കെട്ടിടങ്ങളുടെ റിപ്പോർട്ട്, റെവന്യൂ റിക്കവറി/പ്രോസിക്യൂഷൻ/സ്റ്റേ യിൽ ഉൾപ്പെട്ട കെട്ടിടങ്ങളുടെ റിപ്പോർട്ട് എന്നിവ നിലവിൽ ഓഡിറ്റർമാരുടെ ലോഗിനിൽ ലഭ്യമല്ല.

മേൽ അപാകതകൾ ഐ കെ എം നെ അറിയിച്ച് പരിഹരിക്കാൻ വേണ്ട തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻകൃയറി നം. 33/05.02.2026

1-12 പ്രതിമാസ റികൺസിലിയേഷൻ പത്രികകൾ തയ്യാറാക്കിയിട്ടില്ല

കേരള സർക്കാർ തദ്ദേശ സ്വയം ഭരണ (ആർ.ഡി) വകുപ്പിന്റെ 28/3/2011 തീയതിയിലെ ജി.ഒ.(എം.എസ്)83/11/എൽ.എസ്.ജി.ഡി നമ്പർ വിജ്ഞാപനത്തിലെ അക്കൗണ്ടിങ്ങ് ചട്ടം 57 പ്രകാരം ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസത്തിന്റെയും അവസാനം ലഭിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ട് ബാലൻസ് സ്റ്റേറ്റ്മെന്റുകളിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുത്തേണ്ടതാണ്. റികൺസിലിയേഷൻ പ്രക്രിയ പൂർത്തിയായി കഴിഞ്ഞാൽ അടുത്ത അഞ്ചാം തീയതിക്കകം അക്കൗണ്ടന്റ് റികൺസിലിയേഷൻ പത്രിക തയ്യാറാക്കേണ്ടതാണ്. K-SMART പരിശോധിച്ചതിൽ 2025 ഏപ്രിൽ മുതൽ നാളിതുവരെയുള്ള പഞ്ചായത്തിന്റെ വിവിധ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ പ്രതിമാസ റികൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ലാത്തതായി കാണുന്നു. ഇത് സംബന്ധിച്ച വിശദീകരണം ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം.36/05.02.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. റീകൺസിലിയേഷൻ പത്രിക തയ്യാറാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-13 അൺ എയ്ഡഡ് സ്കൂളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 207 (1) (ബി എ)) 2023 ലെ 18-ാം ഭേദഗതി ആക്ട്, 2023 ലെ കേരള ധനകാര്യ 2-ാം നമ്പർ ആക്ട്, 28.03.2023 തീയതിയിലെ നമ്പർ 15(2) ലെഗ് എ 2/2023/നിയമം ഉത്തരവ് പ്രകാരം 01.04.2023 പ്രാബല്യത്തിൽ അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾക്ക് ബാധകമായ വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ അസെസ്മെന്റ് രേഖ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ദാറുസ്സലാം ഇംഗ്ലീഷ്

മീഡിയം സ്കൂൾ കാരാകുറിശ്ശി എന്ന സ്ഥാപനത്തിന് നിലവിൽ വസ്തു നികുതി ഒഴിവാക്കിയതായി കാണുന്നു. വസ്തു നികുതി 2023-24 സാമ്പത്തിക വർഷത്തിലും തുടർന്നും ഡിമാന്റ് ചെയ്തു ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

ക്രമ നം	സ്ഥാപനം	വാർഡ് നം / കെട്ടിട നം.	സഞ്ചയയിലെ വിസ്തീർണ്ണം
1	ദാറുസ്സലാം ഇംഗ്ലീഷ് മീഡിയം സ്കൂൾ കാരാകുറിശ്ശി	9/286	100 ച.മീ

ഇത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം: 37/05.02.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ എഞ്ചിനിയറിങ്ങ് വിഭാഗത്തിന്റെ സഹായത്തോടെ ഫീൽഡ്തല പരിശോധന നടത്തി മേൽ സൂചിപ്പിച്ച സ്കൂൾ കെട്ടിടത്തിന്റെ വിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തി 2023-24 വർഷം മുതലുള്ള വസ്തു നികുതി പുനനിർണ്ണയിച്ച് ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-14 ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല

നിലവിൽ ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങൾ, ഹരിതകർമ്മസേന യൂസർഫീ ഈടാക്കുന്ന സ്ഥാപനങ്ങൾ, വാർഡ് ചുമതല നൽകിയ ഉദ്യോഗസ്ഥർ വാർഡുകളിൽ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ സ്ഥാപനങ്ങൾ എന്നിവ ക്രോഡീകരിച്ച് വാർഡ് തലത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് ഓഡിറ്റിന് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഇത്

സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം: 40/05.02.2026) മറുപടി ലഭ്യമാക്കിയില്ല. വാർഡ് തലത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-15 പഞ്ചായത്ത് പരിധിയിൽ അനധികൃതമായി ജിം, ഫുട്ബോൾ ടർഫ് എന്നിവ പ്രവർത്തിക്കുന്നു

1. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ ജിംനേഷ്യങ്ങളും 1963- ലെ Kerala Public Places Of Resort Act പ്രകാരമുള്ള ലൈസൻസ് നേടിയിരിക്കേണ്ടത് സംബന്ധിച്ച് ബഹു.കേരള ഹൈക്കോടതി പുറപ്പെടുവിച്ച 11/07/2022 ലെ വിധിന്യായത്തിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ത.സ്വ.ഭ.വ -ന്റെ എൽ.എസ്.ജി.ഡി -ആർ ഡി 1/47/2022, 01.8.2022 നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

സഞ്ചയ സോഫ്റ്റ് വെയർ, ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ജിംനേഷ്യങ്ങൾ ഉൾപ്പെട്ടിട്ടില്ല. എന്നാൽ പഞ്ചായത്ത് പരിധിയിൽ യു ഫിറ്റ് ഫിറ്റ്നെസ് സ്റ്റുഡിയോ, കാരാകുറിശ്ശി എന്ന സ്ഥാപനം പ്രവർത്തിക്കുന്നതായി ഗൂഗിൾ മാപ് പരിശോധനയിൽ ബോധ്യപ്പെട്ടു. ടി സ്ഥാപനത്തിന് ബാധകമായ നിരക്കിൽ നികുതി നിർണ്ണയം നടത്തി മേൽ സർക്കുലറിലെ നിർദ്ദേശങ്ങൾ പ്രകാരം ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെകിൽ ആയതിന്റെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം: 39/ 05.02.2026) മറുപടി ലഭ്യമാക്കിയില്ല. നിജസ്ഥിതി പരിശോധിച്ച് ടി സ്ഥാപനത്തിന് ബാധകമായ നിരക്കിൽ നികുതി നിർണ്ണയം നടത്തി മേൽ സർക്കുലറിലെ നിർദ്ദേശങ്ങൾ പ്രകാരം ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. സഞ്ചയ സോഫ്റ്റ് വെയർ, ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ ഫുട്ബോൾ ടർഫിന് നികുതി നിർണ്ണയിച്ചതായോ ലൈസൻസ് നൽകിയതായോ കാണുന്നില്ല. എന്നാൽ കരിമ്പാലയിൽ സ്പോർട്സ് സിറ്റി വാഴേമ്പുറം എന്ന ഫുട്ബോൾ

ടർഫ് പ്രവർത്തിക്കുന്നതായി ഗൂഗിൾ മാപ്പ് പരിശോധിച്ചതിൽ ബോധ്യപ്പെട്ടു. നിജസ്ഥിതി പരിശോധിച്ച് ടി സ്ഥാപനത്തിന് ബാധകമായ നിരക്കിൽ നികുതി നിർണ്ണയം നടത്തി ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-16 ഐ സി ഡി എസ് സൂപ്പർവൈസർ കാഷ് ബുക്ക് കൃത്യമായി പരിപാലിക്കുന്നില്ല

2011 കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും ടി ആർ 7 എ ഫാറത്തിലുള്ള ഒരു കാഷ്ബുക്ക് സൂക്ഷിക്കേണ്ടതും എല്ലാ സ്രോതസ്സിൽ നിന്നുമുള്ള പണം വരവും പണം നൽകലും രേഖപ്പെടുത്തേണ്ടതുമാണ്. ഐ സി ഡി എസ് സൂപ്പർവൈസർ പ്രസ്തുത ഫാറത്തിലുള്ള കാഷ് ബുക്ക് സൂക്ഷിക്കുന്നുണ്ടെങ്കിലും രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. മുന്നിരിപ്പ്, നീക്കിയിരിപ്പ്, പണം വരവിന്റെയും നൽകിയത്തിന്റെയും തീയതികൾ എന്നിവ കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല. കാഷ് ബുക്കിൽ കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്താത്തതിന്റെ കാരണം ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം : 32/05.02.2026) മറുപടി ലഭ്യമാക്കിയില്ല. 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം കാഷ് ബുക്കിൽ പൂർണ്ണമായ രേഖപ്പെടുത്തലുകൾ വരുത്തി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-17 ഭിന്നശേഷി കലാമേള - അധികം തുക അനുവദിച്ചു

പ്രോജക്ട് നം./ പേര്	31- ഭിന്നശേഷിക്കാരായ കുട്ടികളുടെ കലാ - കായികമേള
നിർവ്വഹണ ഉദ്യോഗസ്ഥ	ഐ.സി.ഡി.എസ് സൂപ്പർവൈസർ
അടങ്കൽ തുക	50000/-
ചെലവ് തുക	50000/-
ഫണ്ട്	വികസന ഫണ്ട്(ജനറൽ)

ബിൽ നം./ തീയതി	18/10.03.2025

സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ഭിന്നശേഷിക്കാരായ എല്ലാ കുട്ടികളുടെയും കലാ - കായിക മത്സരങ്ങൾ ഓരോ വർഷവും നടത്തേണ്ടതാണ്. കുട്ടികളുടെ ശാരീരിക മാനസിക ഉല്ലാസത്തിന് സഹായകമായതും അവർക്ക് പങ്കെടുക്കാൻ കഴിയുന്നതുമായ ഇനങ്ങൾ ഉൾപ്പെടുത്തി ഏകദിന മത്സരങ്ങൾ സംഘടിപ്പിക്കാവുന്നതും വിജയികളാവുന്നവർക്ക് സമ്മാനങ്ങളും പങ്കെടുക്കുന്ന എല്ലാവർക്കും പ്രോത്സാഹന സമ്മാനങ്ങളും നൽകാവുന്നതാണ്(സ.ഉ.(കൈ)നം.115/2022/ത.സ്വ.ഭ.വ തീയതി 28.05.2022 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ : ഖണ്ഡിക 7-1-13). ഭിന്നശേഷിക്കാരായ കുട്ടികളുടെ കലാ - കായികമേള നടത്തുന്നതിനായി ഏറ്റെടുത്ത പദ്ധതി പ്രകാരം പഞ്ചായത്തിൽ 21.12.24 നു കലാമേള സംഘടിപ്പിച്ചിട്ടുണ്ട്. പ്രസ്തുത കലാമേളയ്ക്കായി ചുവടെ ചേർക്കും പ്രകാരം തുക ചെലവ് ചെയ്തിട്ടുണ്ട്

ക്രമനം	ചെലവിനം	ഇൻവോയിസ് നം/തീയതി	ഇൻവോയിസ് തുക	നൽകിയ തുക	വ്യത്യാസം
1	ഭക്ഷണം	1/21.12.2024	20000/-	20000/-	0/-
2	സമ്മാനങ്ങൾ	784/21.12.2024	21000/-	21600/-	600/-
3	പന്തൽ, കസേര മുതലായവ	1/21.12.2024	6400/-	6400/-	0/-
4	അലങ്കാരങ്ങൾ	714/21.12.2024	2000/-	2000/-	0/-
ആകെ			**49400/**	**50000/-**	**600/-**

സമ്മാനങ്ങൾക്കായി പാത്രങ്ങൾ വാങ്ങിയ ഇനത്തിൽ പി സി മെറ്റൽസ് കാരാകുറിശ്ശി എന്ന

സ്ഥാപനത്തിൽ നിന്നും 21000 രൂപയുടെ പാത്രങ്ങൾ വാങ്ങിയിട്ടുണ്ട്(ഇൻവോയിസ് നം:784/21.12.2024). എന്നാൽ സ്ഥാപനത്തിന് 21600 രൂപ അനുവദിച്ചതായി കാണുന്നു (ബിൽ നം.18/10.03.2025). അധികമായി തുക നൽകിയതിന്റെ കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം : 30/05.02.2026) മറുപടി ലഭ്യമാക്കിയില്ല. അധികം അനുവദിച്ച 600 രൂപ പ്രസ്തുത സ്ഥാപനത്തിൽ നിന്ന് ഈടാക്കി പഞ്ചായത്തിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുക നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി നിശ്ചയിക്കുന്നതാണ്.

1-18 വയോജനങ്ങൾക്ക് കട്ടിൽ പദ്ധതി – ജി.എസ്.ടി ടി.ഡി.എസ് തുക കുറവായി ഈടാക്കി

പ്രോജക്ട് നം./ പേര്	49- വയോജനങ്ങൾക്ക് കട്ടിൽ – ജനറൽ (സ്പിൽ ഓവർ)
നിർവ്വഹണ ഉദ്യോഗസ്ഥ	ഐ.സി.ഡി.എസ് സൂപ്പർവൈസർ
അടങ്കൽ തുക	478500/-
ചെലവ് തുക	459200/-
ഫണ്ട്	വികസന ഫണ്ട്(ജനറൽ)
ബിൽ നം./ തീയതി	1/01.06.2024

വയോജനങ്ങൾക്ക് കട്ടിൽ നൽകുന്നതിനായുള്ള ടി പദ്ധതി പ്രകാരം 112 കട്ടിലുകൾ ARTCO യിൽ 459200 രൂപയ്ക്ക് (18% ജി എസ് ടി ഉൾപ്പടെ) കട്ടിൽ ഒന്നിന് 3475 രൂപ നിരക്കിൽ വാങ്ങിയിട്ടുണ്ട്. കേന്ദ്ര ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51(7), 24(6), 25 എന്നിവയും 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ

മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)നം.162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 01.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സർക്കുലർ നം. ഡി.എ1/87/2019/തസ്വഭവ തീയതി 08.09.2020 ഖണ്ഡിക 3,4 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡി ഡി ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവർത്തികളിൽ ടി ഡി എസ് കിഴിവ് വരുത്തേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ ബിൽ പ്രകാരം തുക അനുവദിച്ചപ്പോൾ നിയമാനുസൃതം ഈടാക്കേണ്ടുന്ന 2% നിരക്കിലുള്ള ടി ഡി എസ് ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ഇൻവോയിസ് പ്രകാരമുള്ള ആകെ വില (3475 X 112)	ഈടാക്കേണ്ടിയിരുന്ന ജി എസ് ടി ടി ഡി എസ് തുക (2%)	ഈടാക്കിയ ജി എസ് ടി ടി ഡി എസ് തുക	വ്യത്യാസം
389200	7784	1946	5838

ജി എസ് ടി ടി ഡി എസ് തുക കുറവായി ഈടാക്കാനുള്ള കാരണം ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം:31/05.02.2026) മറുപടി ലഭ്യമാക്കിയില്ല. ജി.എസ്.ടി ടി.ഡി.എസ് നടത്തുന്നതിൽ വീഴ്ച വരുത്തിയാൽ പിഴ ഒടുക്കുവാൻ ഉദ്യോഗസ്ഥ ബാധ്യസ്ഥയായതിനാൽ ഇക്കാര്യത്തിൽ വീഴ്ച ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-19 മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടില്ല

വാർഷിക ധനകാര്യ പത്രികയിലെ ഷെഡ്യൂൾ ബി 18 പ്രകാരം താഴെ പറയുന്ന

ശീർഷകങ്ങളിൽ മുൻകൂർ നൽകിയത് ക്രമീകരിക്കുന്നതിന് അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനം	ഇനം	മുന്നിരിപ്പ്	തൻവർഷത്തെ മുൻകൂർ	ആകെ	ക്രമീകരിച്ച മുൻകൂർ	ക്രമീകരിക്കാൻ അവശേഷിക്കുന്നതുക
1	Festival Advance	0	106000	106000	78000	28000
2	Temporary Advance For Official Purposes	0	552700	552700	435245	117455
3	Tour Traveling Allowance Advance	0	24130	24130	22130	2000
4	Other Advances	5000	0	5000	0	5000
5	Advance To Implementing Agencies - Deposit With Kerala Water Authority	6701000	0	6701000	0	6701000
6	Advance To Implementing Agencies - Deposit With Ground Water	0	535000	535000	0	535000

	Department					
7	Advance To Implementing Officers	381639	30000	411639	0	411639
8	Advance To Mahatma Gandhi NREGA/ AUEGS Administrative Expense	2943831	1861144	4804975	2404535	2400440
9	Advance To Others	900	29000	29900	0	29900

ക്രമ നം. 5, 6 എന്നിവ പ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിറ്റി/ഭൂജല വകുപ്പിന് നൽകിയിട്ടുള്ള തുകകൾ വിനിയോഗിച്ച് പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുവാനായും മുൻകൂർ നൽകിയ തുകകൾ സമയബന്ധിതമായി ക്രമീകരിക്കാത്തതിനുള്ള കാരണം അറിയിക്കുവാനായും നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം. 07/31.01.2026) ആയത് പരിശോധിച്ച് ക്രമീകരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. ടി.എ., ഫെസ്റ്റിവൽ അഡ്വാൻസ് എന്നിവ ഉൾപ്പെടെയുള്ള വ്യക്തിഗത മുൻകൂറുകൾ അതാത് സാമ്പത്തിക വർഷം തന്നെ ക്രമീകരിക്കാത്തത് ശരിയായ നടപടിയല്ല. ആയത് നിയമാനുസൃത പലിശ സഹിതം ഈടാക്കി, ക്രമീകരിച്ച് രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. പട്ടികയിലെ ക്രമ നം. 4, 7, 8, 9 എന്നിവ പ്രകാരം മുൻവർഷങ്ങളിൽ കൊടുത്ത മുൻകൂറുകൾ അടിയന്തിരമായി ക്രമീകരിക്കുവാനുള്ള മേൽനടപടികൾ

സ്വീകരിക്കേണ്ടതാണ്.

2. ഏജൻസികൾ മുഖാന്തിരം ഉള്ള ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

3. വിവിധ പദ്ധതികൾക്കായി മുൻകൂർ നൽകിയ തുകകൾ ക്രമീകരിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-20 HDPE കണ്ടെനർ വിതരണം പദ്ധതി - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

പ്രൊജക്ട് നം., പേര്	360/25 -മട്ടുപ്പാവ് കൃഷി
നിർവ്വഹണ ഉദ്യോഗസ്ഥൻ	കൃഷി ഓഫീസർ
അടങ്കൽ	128000/-
ചെലവ്	128000/- (96000/- വികസന ഫണ്ട് - പൊതു വിഭാഗം -സാധാരണ വിഹിതം + 32000/- ഗുണഭോക്തൃ വിഹിതം)

പദ്ധതി പ്രകാരം 32 ഗുണഭോക്താക്കൾക്ക് ഓരോ യൂണിറ്റ് (ഒരു യൂണിറ്റ് - 20 HDPE കണ്ടെനർ) HDPE കണ്ടെനറുകൾ വിതരണം ചെയ്തിട്ടുണ്ട്. ആകെ ചെലവ് തുകയുടെ 75% ആണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്. ശ്രീകൃഷ്ണപുരം ബ്ലോക്ക് തല ഫെഡറേറ്റഡ് സമിതി(BLFO), ശ്രീകൃഷ്ണപുരം എന്ന സ്ഥാപനത്തിൽ നിന്നാണ് HDPE കണ്ടെനറുകൾ വാങ്ങിയിട്ടുള്ളത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

ഇൻവോയ്സ് നം. 48, തീയതി.20-03-2025

Item	Rate	Qty.	Total Expense (Rs.)
HDPE Pot With Potting Mixture And Seedlings (One Unit – 20 Pot)	200/ Unit	32 Unit (640 Pots)	128000/- (Subsidy 75% - 96000)

പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പോട്ടിംഗ് മിശ്രിതം നിറച്ച HDPE ചെടിച്ചട്ടി തെയ്യും ഗതാഗത ചെലവും ഉൾപ്പെടെ (ചെടിച്ചട്ടിയുടെ ഉയരം 10 Inch , ഡയമീറ്റർ 10 Inch, കനം 5 Mm, തൂക്കം 450gm) – 180/One Pot എന്ന നിരക്കിലും പോട്ടിംഗ് മിശ്രിതം നിറച്ച HDPE ചെടിച്ചട്ടി തെയ്യും ഗതാഗത ചെലവും ഉൾപ്പെടെ (ചെടിച്ചട്ടിയുടെ ഉയരം 10 Inch , ഡയമീറ്റർ 12 Inch , കനം 5 Mm, തൂക്കം 450gm) – 200/ One Pot എന്ന നിരക്കിലും ആണ് യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചിട്ടുള്ളത്. 200/- രൂപ നിരക്കിലാണ് HDPE കണ്ടെനറുകൾ വാങ്ങിയിട്ടുള്ളത്. എന്നാൽ ഇൻവോയ്സിൽ കണ്ടെനറുകളുടെ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ല.

2) സ.ഉ(സാധാ)നം.2854/2022/LSGD , തീയതി.18-11-2022 ഉത്തരവ് പ്രകാരം ടെണ്ടർ നടപടികളിലൂടെയാണ് മൺചട്ടികൾ, കയർപിത്ത് ചട്ടികൾ എന്നിവയ്ക്കൊപ്പം HDPE ചെടിച്ചട്ടികളും വാങ്ങേണ്ടതെന്നും HDPE ചെടിച്ചട്ടികൾക്ക് 5 വർഷം ഗാരന്റി ഉണ്ടാകണമെന്നും നിഷ്കർഷിക്കുന്നുണ്ട്. കൂടാതെ സ.ഉ (സാധാ) നം.2118/2023/LSGD, തീയതി 30-10-2023 ഉത്തരവ് പ്രകാരം HDPE ചെടിച്ചട്ടികൾ വിർജിൻ മെറ്റീരിയൽ ആയിരിക്കണം, അൾട്രാ വയലറ്റ് പ്രൊട്ടക്ഷൻ ഉണ്ടാകണം, FSSAI സ്റ്റാൻഡേർഡ് പ്രകാരം പ്രകൃതി സൗഹാർദ്ദമാണെന്ന് സാക്ഷ്യപ്പെടുത്തണം, 5 വർഷം കാലാവധി ഉണ്ടായിരിക്കണം, 5 വർഷ വാറണ്ടി ഉറപ്പാക്കുന്നതിന് കമ്പനിയുടെ വിവരം, മാസം , വർഷം എന്നിവ ചട്ടികളിൽ ആലേഖനം ചെയ്യണം (സ്റ്റിക്കർ പാടില്ല) എന്നീ നിബന്ധനകളെല്ലാം പാലിച്ചിരിക്കണം എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ മേൽ സൂചിപ്പിച്ച

നിബന്ധനകളൊന്നും തന്നെ പാലിച്ചിട്ടില്ല എന്ന് ബോധ്യപ്പെട്ടു.

മേൽ വിഷയങ്ങൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് ശ്രീകൃഷ്ണപുരം ബ്ലോക്ക് തല ഫെഡറേറ്റഡ് സമിതി എന്ന സ്ഥാപനം കൃഷി വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ ആരംഭിച്ചിട്ടുള്ളതും കൃഷി വകുപ്പിന്റെ മേൽ നോട്ടത്തിൽ പ്രവർത്തിച്ച് വരുന്ന സ്ഥാപനമായതിനാലാണ് വാങ്ങിയതെന്നും തുടർന്നുള്ള വർഷങ്ങളിൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ HDPE ചെടിച്ചട്ടികളുടെ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയ ബില്ല് മറുപടിയോടൊപ്പം ഹാജരാക്കിയിട്ടുണ്ട്. കാവേരി ഫെർട്ടിലൈസർ ഇൻഡസ്ട്രീസ്, പറവൂർ എന്ന സ്ഥാപനത്തിൽ നിന്നും ശ്രീകൃഷ്ണപുരം BLFO പ്രസിഡന്റ് 26-10-2024 തീയതിയിൽ 120000/- രൂപയുടെ 1000 HDPE ചെടിച്ചട്ടികൾ വാങ്ങിയതിന്റെ ബില്ല് ആണ് ഹാജരാക്കിയിട്ടുള്ളത്. ആയത് പ്രസ്തുത പദ്ധതിയുടെ ചെലവ് രേഖയായി അംഗീകരിക്കുന്നില്ല.

തുടർന്നുള്ള വർഷങ്ങളിൽ വാങ്ങൽ നടപടികൾ ഉൾപ്പെടുന്ന പദ്ധതികൾ നടപ്പാക്കുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി പ്രകാരം വാങ്ങിയ 128000/- രൂപയുടെ HDPE ചെടിച്ചട്ടികളുടെ സ്പെസിഫിക്കേഷൻ സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.15/02-02-2026)

1-21 ഹരിത സഹായ സ്ഥാപനത്തിന് തുക കൈമാറൽ - നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

പ്രൊജക്ട് നം.	88/25
അടങ്കൽ	288000/-

ചെലവ്	288000/- (ധനകാര്യ കമ്മിഷൻ അവാർഡ്) വൗച്ചർ നം. XVFC/2024-25/P/53/08-03-2025 - 264000/- XVFC/2024-25/P/80/08-03-2025 - 24000/-

കാരാകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ ഹരിത സഹായ സ്ഥാപനമായി പ്രവർത്തിക്കുന്ന IRTC, Mundur എന്ന സ്ഥാപനത്തിന് 2024 ഫെബ്രുവരി മുതൽ 2025 ജനുവരി വരെയുള്ള കാലയളവിലെ 12 മാസത്തേക്കുള്ള കൺസൾട്ടേഷൻ ഫീസായി ആകെ 288000/- രൂപ (12*24000 = 288000/-) പദ്ധതി പ്രകാരം നൽകിയിട്ടുണ്ട് (IRTC A/C 4318000100090103).

ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 17-03-2020 തീയതിയിലെ 331/സി5/2019/എസ്.എം നമ്പർ ഉത്തരവിലെ ഖണ്ഡിക 4 പ്രകാരം ഹരിത സഹായ സ്ഥാപനങ്ങൾ എല്ലാ മാസവും 5ാം തീയതിക്ക് മുമ്പ് പ്രതിമാസ പ്രവർത്തന റിപ്പോർട്ട് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിനും ജില്ലാ ശുചിത്വ മിഷനും നൽകേണ്ടതാണ്. തുടർന്ന് 10ാം തീയതിക്കുള്ളിൽ ശുചിത്വ മിഷൻ - ഹരിത കേരളം മിഷൻ ജില്ലാ കോ-ഓർഡിനേറ്റർമാരുടെ നേതൃത്വത്തിൽ ഓരോ ഹരിത സഹായ സ്ഥാപനത്തിന്റെയും അവയുടെ പ്രവർത്തന പരിധിയിൽ വരുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും റിവ്യൂ സംഘടിപ്പിക്കേണ്ടതാണ്. ഇതിലൂടെ ഹരിത സഹായ സ്ഥാപനങ്ങളുടെ പ്രവർത്തന മികവ് വിലയിരുത്തുന്നതിനും പോരായ്മകൾ പരിഹരിക്കുന്നതിനും കഴിയും. ഈ റിവ്യൂ യോഗത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷ(ൻ), സെക്രട്ടറി, നിർവ്വഹണ ഉദ്യോഗസ്ഥ(ൻ) എന്നിവരെ പങ്കെടുപ്പിക്കേണ്ടതാണ്. 15ാം തീയതിക്കുള്ളിൽ റിവ്യൂ യോഗത്തിന്റെ മിനിട്സ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ശുചിത്വ മിഷൻ ജില്ലാ കോർഡിനേറ്റർ നൽകണം. മിനിട്സിന്റെ അടിസ്ഥാനത്തിൽ ഹരിത സഹായ സ്ഥാപനത്തിന്റെ കൺസൾട്ടൻസി

ഫീസ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകേണ്ടതാണ്.

പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ മുണ്ടൂർ IRTC രജിസ്ട്രാർ 2024 ഫെബ്രുവരി മുതൽ 2025 ജനുവരി വരെയുള്ള 12 മാസങ്ങളിലെ പ്രതിമാസ പ്രവർത്തനാവലോകന റിപ്പോർട്ട് ഹാജരാക്കിയിട്ടുണ്ടെങ്കിലും ഹരിത സഹായ സ്ഥാപനം എപ്പോഴാണ് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത് എന്ന വിവരം ലഭ്യമല്ല. കൂടാതെ പദ്ധതി പ്രകാരം സ്ഥാപനത്തിന് 12 മാസത്തേക്കുള്ള കണസൾട്ടേഷൻ ഫീസ് നൽകിയിട്ടുണ്ടെങ്കിലും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ മേൽ ഉത്തരവിൽ സൂചിപ്പിച്ച പ്രകാരം എല്ലാ മാസവും റിവ്യൂ യോഗങ്ങൾ നടത്തിയതായോ മറ്റ് നിർദ്ദേശങ്ങൾ പാലിച്ചതോ സംബന്ധിച്ച രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ഈ വിഷയം സബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് എല്ലാ മാസവും പത്താം തീയതിക്കകം പഞ്ചായത്ത് പ്രസിഡണ്ട്, ഭരണ സമിതി അംഗങ്ങൾ, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, നിർവ്വഹണ ഉദ്യോഗസ്ഥൻ (വി.ഇ.ഒ) , ഐ.ആർ.ടി.സി കോർഡിനേറ്റർ, ഹരിത കർമ്മ സേന അംഗങ്ങൾ എന്നിവരുടെ മീറ്റിംഗ് നടത്തി ഐ.ആർ.ടി.സി യുടെ പ്രവർത്തനം ചർച്ച ചെയ്യുന്നുണ്ടെന്നും എല്ലാ മാസവും ഐ.ആർ.ടി.സി പ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കുന്നുണ്ടെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

ഐ.ആർ.ടി.സി യുടെ പ്രവർത്തന റിപ്പോർട്ട് ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടുണ്ടെങ്കിലും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള മറ്റ് നടപടി ക്രമങ്ങൾ പാലിച്ചത് സംബന്ധിച്ച രേഖകളൊന്നും തന്നെ ഫയലിൽ സൂക്ഷിച്ചിട്ടില്ല. തുടർന്നുള്ള വർഷങ്ങളിൽ ഹരിത സഹായ സ്ഥാപനത്തിന് തുക കൈമാറുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.16/02-02-2026)

1-22 വീട് വാസയോഗ്യമാക്കൽ - ജനറൽ വിഭാഗം - പദ്ധതി പൂർത്തീകരിച്ചിട്ടില്ല

പ്രൊജക്ട് നം., പേര്	3/25 – വീട് വാസയോഗ്യമാക്കൽ- ജനറൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
അടങ്കൽ	1600000/-
ചെലവ്	1212500/- (1100000/- വികസന ഫണ്ട് - പൊതു വിഭാഗം + 112500/- തനത് ഫണ്ട്)

പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് രണ്ട് ഗഡുക്കളായി ഓവർസിയറുടെ വാലുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പരമാവധി 25000/- രൂപ വീതമാണ് അനുവദിച്ചിട്ടുള്ളത്. ആദ്യ ഗഡു 12500/- രൂപ മുൻകൂറായാണ് ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ളത്. പദ്ധതി നടപ്പാക്കിയതിന്റെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താവ് ആദ്യ ഗഡു കൈപ്പറ്റിയിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചതായി കാണുന്നില്ല.

ക്രമ നം.	വാർഡ് നം.	ഗുണഭോക്താവിന്റെ പേരും വിലാസവും	കൈപ്പറ്റിയ തുക/തീയതി
1	10	ശശി.പി, പോത്തൻകുന്നത്ത്, കാരാകുറിശ്ശി	12500/10-03-2025

ടി വ്യക്തിയുടെ വീട് വാസയോഗ്യമാക്കൽ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് അഡ്വാൻസായി തുക നൽകിയെങ്കിലും നിരന്തരമായി ആവശ്യപ്പെട്ടിട്ടും ഈ വ്യക്തി പണി പൂർത്തീകരിച്ചിട്ടില്ലെന്നും അടിയന്തിരമായി പണി പൂർത്തീകരിക്കുന്നതിനും അല്ലാത്തപക്ഷം തുക തിരിച്ചടപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് വിവരം അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.17/02-02-2026)

1-23 വീട് വാസയോഗ്യമാക്കൽ - പട്ടികജാതി വിഭാഗം - പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

പ്രൊജക്ട് നം., പേര്	4/25 – വീട് വാസയോഗ്യമാക്കൽ എസ്.സി.പി
നിർവ്വഹണ ഉദ്യോഗസ്ഥൻ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
അടങ്കൽ	1600000/-
ചെലവ്	1200000/- (925000/- വികസന ഫണ്ട് - എസ്.സി.പി + 275000/- തനത് ഫണ്ട്)

പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് രണ്ട് ഗഡുക്കളായി ഓവർസിയറുടെ വാലുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പരമാവധി 50000/- രൂപ വീതമാണ് അനുവദിച്ചിട്ടുള്ളത്. ആദ്യ ഗഡു 25000/- രൂപ മുൻകൂറായാണ് ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ളത്. പദ്ധതി നടപ്പാക്കിയതിന്റെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ ആദ്യ ഗഡു കൈപ്പറ്റിയിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

ക്രമ നം.	വാർഡ് നം.	ഗുണഭോക്താവിന്റെ പേരും വിലാസവും	കൈപ്പറ്റിയ തുക/തീയതി
1	7	അയ്യപ്പൻ, ആനവരമ്പ്, കാരാകുറിശ്ശി	25000/10-03-2025
2	9	ചാത്തൻകുട്ടി,	25000/11-03-2025

		അരിങ്കല്ലി, കാരാകുറിശ്ശി	
3	6	ശ്രീദേവി, മാതംപെട്ടി, പുല്ലിശ്ശേരി	25000/20-02-2025

ടി വ്യക്തികളുടെ വീട് വാസയോഗ്യമാക്കൽ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മേൽ ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ലെന്നും പണി പൂർത്തീകരിച്ച് ഓവർസിയറുടെ വാലുവേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് ബാക്കി തുക അനുവദിക്കുന്നതാണെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കളുടെ വീട് വാസയോഗ്യമാക്കൽ പ്രവൃത്തി എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകേണ്ടതും പൂർത്തീകരണ വിവരം അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നം. 18/02-02-2026)

1-24 മുൻവർഷങ്ങളിലെ ഗുണഭോക്തൃ വിഹിതം ചെലവഴിച്ചിട്ടില്ല

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള 2024-25 ലെ ഗുണഭോക്തൃ വിഹിതത്തിന്റെ വരവ് ചെലവുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

മുന്നിരിപ്പ്	തൻവർഷത്തെ വരവ്	ആകെ	തൻവർഷത്തെ ചെലവ്	നീക്കിയിരിപ്പ്
659737	75000	734737	67475	667262

ILGMS ലെഡ്ജർ പരിശോധിച്ചതിൽ തൻവർഷം ഗുണഭോക്തൃ വിഹിതത്തിൽ നിന്നും 67475 രൂപ വിവിധ പദ്ധതികളിൽ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മുൻവർഷങ്ങളിലെ ഗുണഭോക്തൃ വിഹിതം പൂർണ്ണമായും ചെലവഴിച്ചതായി കാണുന്നില്ല. വിവിധ പദ്ധതികൾ പ്രകാരം പിരിക്കുന്ന ഗുണഭോക്തൃ വിഹിതം അതാത് സാമ്പത്തിക വർഷം

ചെലവഴിക്കാത്തതിനും മുൻവർഷങ്ങളിലെ ഗുണഭോക്തൃ വിഹിതം ഏതെല്ലാം പദ്ധതികളുടേതാണെന്നുള്ള വിവരങ്ങൾ നൽകുന്നതിനായും നൽകിയ ഓഡിറ്റ് എൻകൂയറിക്ക് (നം. 08/31.01.2026) ഗുണഭോക്തൃ വിഹിതമായി നീക്കിയിരിപ്പുള്ള തുക ഏത് പദ്ധതികൾ പ്രകാരമുള്ളതാണെന്ന് കണ്ടെത്താൻ കഴിയുന്നില്ലെന്നും പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നുമുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1) ഗുണഭോക്തൃ വിഹിതം ഈടാക്കി നടത്തുന്ന പദ്ധതികൾ അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പൂർത്തീകരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

2) പദ്ധതികൾ നടപ്പിലാക്കാതെ വർഷങ്ങളായി നീക്കിയിരിപ്പുള്ള ഗുണഭോക്തൃ വിഹിതം ഗുണഭോക്താക്കൾക്ക് തിരികെ നൽകുകയോ അല്ലെങ്കിൽ തുടർവർഷങ്ങളിൽ പദ്ധതി ആവിഷ്കരിച്ച് അതാത് ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-25 തെരുവ് വിളക്ക് - മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിലെ പട്ടിക III ലെ ക്രമ നമ്പർ 15 പ്രകാരം തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതും ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. ഗ്രാമപഞ്ചായത്ത് 2024-25 സാമ്പത്തിക വർഷത്തിൽ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ 1132300 രൂപ കെ.എസ്.ഇ.ബിയിലേക്ക് അടവാക്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് പരിധിയിലെ തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. തച്ചമ്പാറ ഇലക്ട്രിക്കൽ സെക്ഷനിലെ അൺമീറ്റേർഡ് കൺസ്യൂമർ നം. 1165225019679 പ്രകാരമാണ് പഞ്ചായത്ത് പരിധിയിലെ തെരുവ് വിളക്കുകൾക്ക് വൈദ്യുതി ചാർജ്ജ് കണക്കാക്കുന്നത്. 12 മണിക്കൂർ ബേണിംഗ് അവറിന്

ആനുപാതികമായ തുകയാണ് വൈദ്യുതി ചാർജ്ജായി നിശ്ചയിച്ചിട്ടുള്ളത്. ഇത് പഞ്ചായത്തിന് അധിക ബാധ്യതയാണ്.

മാർച്ച് മാസം തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജായി 35627 രൂപ (ബിൽ നം. 6522240301759/01.03.2025) കെ.എസ്.ഇ.ബി. ഡിമാന്റ് ചെയ്തിട്ടുണ്ട്. ആയത് പ്രകാരമുള്ള 35627 രൂപ (ചെക്ക് നം. JP01069184/20.03.2025) തച്ചമ്പാറ ഇലക്ട്രിക്കൽ സെക്ഷനിലേക്ക് അടവാക്കിയിട്ടുണ്ട്.

കൺസ്യൂമർ നം. 1165225019679 പ്രകാരമുള്ള തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്താത്തതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം. 28/04.02.2026) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1. കൺസ്യൂമർ നം. 1165225019679 പ്രകാരം ഡിമാന്റ് ചെയ്തിട്ടുള്ള തെരുവ് വിളക്കുകളുടെ ഇനം, എണ്ണം, ഡിമാന്റിന്റെ കാൽക്കുലേഷൻ എന്നിവയുടെ കൃത്യത പരിശോധിച്ച് ഉറപ്പ് വരുത്തി മാത്രം വൈദ്യുത ചാർജ് ഒടുക്ക് വരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2. പഞ്ചായത്തിൽ നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം സംയുക്ത പരിശോധന നടത്തി കാലിക്കമാക്കേണ്ടതും കൺസ്യൂമർ നം. 1165225019679 പ്രകാരമുള്ള തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-26-1 ഓഡിറ്റ് ഇംപാക്ട് - പ്രവൃത്തി പൂർത്തീകരണം വൈകിയതിന് 6179/- രൂപ ഓഡിറ്റ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ തിരികെ ഒടുക്കി

താഴെ പറയുന്ന പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും G.O.(P) No. 13/2012/PWD, Dt 1-2-2012 മുഖേന പ്രസിദ്ധീകരിച്ച 2012 ലെ PWD Manual ലെയും കരാറുകാരനും അസിസ്റ്റന്റ് എഞ്ചിനീയറും തമ്മിലുണ്ടാക്കിയ കരാറിലെയും വ്യവസ്ഥപ്രകാരം

ഈടാക്കേണ്ട പിഴ ഈടാക്കിയിട്ടില്ല.

പ്രവൃത്തി പൂർത്തീകരണം വൈകിയാൽ കരാറുകാരന്റെ അപേക്ഷയിൻമേൽ തീരുമാനമെടുത്ത് സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കണം എന്നും പ്രവൃത്തിപൂർത്തീകരണം വൈകിയതിന് താഴെസൂചിപ്പിച്ചിട്ടുള്ള നിരക്കിൽ പിഴ ഈടാക്കണം എന്നും മാനുവലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.

Fines For Extension Of Time

Period	Rate Of Fine
First Extension (Shall Not Exceed 25% Of The Original Time Or Six Months Whichever Is Less)	1% Of The PAC Subject To A Minimum Of Rs. 1000 And Maximum Of Rs. 50000
Beyond First Extension	2% Of The PAC Subject To A Minimum Of Rs. 2000 And Maximum Of Rs. 100000

പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടും പിഴ ഈടാക്കാത്ത പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. പ്രോജക്ടിന്റെ നം. , പേര് : SO 209/25- കാവുംപടി പഞ്ചായത്ത് മിനി സ്റ്റേഡിയം നിർമാണം.

ചെലവ്: വൗച്ചർ നം. , തീയ്യതി	22400431- 4-11-2024 - 238970/- (Own Fund)
കരാർ നം., അളവു പുസ്തകം:	48/AE/LSGD/ KGP/12-3-2024, E Mbook No. 3416/2024_5_1_1
പി.എ.സി.	211280
കരാറുകാരൻ:	സുരോജ്.ടി.
സ്ഥലം കൈമാറിയ തീയ്യതി.	12-3-2024

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: (6 Months- As Per LOA)	11-9-2024
പൂർത്തീകരിച്ച തീയ്യതി:	28-9-2024
ഈടാക്കേണ്ട പിഴ (1%)	2113
ഈടാക്കിയത്	-
ഈടാക്കിയതിൽ കുറവ്:	2113

2. പ്രോജക്ടിന്റെ നം. , പേര് : SO 119/25- കോട്ടക്കുന്ന് റോഡ് റീടാറിങ്ങ്

ചെലവ്: , ബിൽ നം. , തീയ്യതി	346- 19-12-2024 - 599665/- (MG-R)
കരാർ നം., അളവു പുസ്തകം:	70/AE/LSGD/ KKGP/25-2-2023 , E Mbook No. 52471/2022_5_1_1
പി.എ.സി.	508261
കരാറുകാരൻ:	മുഹമ്മദ് റിയാസുദീൻ.കെ.
സ്ഥലം കൈമാറിയ തീയ്യതി.	7-3-2023
കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: (7 Months- As Per LOA)	6-10-2023
പൂർത്തീകരിച്ച തീയ്യതി:	18-3-2024
ഈടാക്കേണ്ട പിഴ (3%)	15248
ഈടാക്കിയത്	11182
ഈടാക്കിയതിൽ കുറവ്:	4066

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (25/4-2-2026)മറുപടി ലഭ്യമാക്കിയതിൽ ടി പ്രവൃത്തികളുടെ പിഴ ഇനത്തിൽ ഈടാക്കേണ്ട തുകകൾ രസീതി

നം. R- G090407-25004181/5-2-2026, Rs. 2113, R- G090407-25004182/5-2-2026, Rs. 4066 എന്നിവ പ്രകാരം ഈടാക്കിയതായി അറിയിച്ചിട്ടുണ്ട്. രസീതികളുടെ ആധികാരികത പരിശോധിച്ച് ഉറപ്പാക്കിയിട്ടുണ്ട്.

1-26 പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും പിഴ ഈടാക്കിയിട്ടില്ല.

താഴെ പറയുന്ന പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും G.O.(P) No. 13/2012/PWD, Dt 1-2-2012 മുഖേന പ്രസിദ്ധീകരിച്ച 2012 ലെ PWD Manual ലെയും കരാറുകാരനും അസിസ്റ്റന്റ് എഞ്ചിനീയറും തമ്മിലുണ്ടാക്കിയ കരാറിലെയും വ്യവസ്ഥപ്രകാരം ഈടാക്കേണ്ട പിഴ ഈടാക്കിയിട്ടില്ല.

പ്രവൃത്തി പൂർത്തീകരണം വൈകിയാൽ കരാറുകാരന്റെ അപേക്ഷയിൻമേൽ തീരുമാനമെടുത്ത് സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കണം എന്നും പ്രവൃത്തിപൂർത്തീകരണം വൈകിയതിന് താഴെസൂചിപ്പിച്ചിട്ടുള്ള നിരക്കിൽ പിഴ ഈടാക്കണം എന്നും മാനുവലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.

Fines For Extension Of Time

Period	Rate Of Fine
First Extension (Shall Not Exceed 25% Of The Original Time Or Six Months Whichever Is Less)	1% Of The PAC Subject To A Minimum Of Rs. 1000 And Maximum Of Rs. 50000
Beyond First Extension	2% Of The PAC Subject To A Minimum Of Rs. 2000 And Maximum Of Rs. 100000

പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടും പിഴ ഈടാക്കാത്ത പ്രവൃത്തികളുടെ

വിശദാംശം ചുവടെ ചേർക്കുന്നു.

1 . പ്രോജക്ടിന്റെ നം. , പേര് : SO 226/25- ആയുർവ്വേദ ഡിസ്പെൻസറി നവീകരണം.

ചെലവ്: വൗച്ചർ നം., തീയ്യതി	XVFC/2024-25/P/46- 23-1-2025 - 399587/- (Cfc)
കരാർ നം., അളവു പുസ്തകം:	36/AE/LSGD/ KGP/26-2-2024, E Mbook No. 109529/2023_5_1_1
പി.എ.സി.	338971
കരാറുകാരൻ:	രതീഷ് കുമാർ. ഇ.
സ്ഥലം കൈമാറിയ തീയ്യതി.	3-3-2024
കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: (10 Months- As Per LOA)	2-1-2025
പൂർത്തീകരിച്ച തീയ്യതി:	7-1-2025
ഈടാക്കേണ്ട പിഴ (1%)	3390
ഈടാക്കിയത്	-
ഈടാക്കിയതിൽ കുറവ്:	3390

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (25/4-2-2026) ലഭ്യമാക്കിയ മറുപടിയിൽ ടി പ്രവ്യത്തിയുടെ നിർവ്വഹണ ഘട്ടത്തിൽ വളരെയധികം വ്യത്യാസങ്ങൾ സംഭവിക്കുകയും ആയതനുസരിച്ച് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് കാലതാമസം

വരികയും ചെയ്തതിനാൽ ഇപ്രകാരം സംഭവിച്ചു എന്നും വെറും 5ദിവസങ്ങൾ മാത്രമാണ് വൈകിയത് എന്നും സൂചിപ്പിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് റിവൈസ് ചെയ്തത് പ്രവൃത്തിയുടെ ഒറിജിനൽ കാലയളവിൽത്തന്നെയാണ്. ആയതിനാൽ പിഴ ഇനത്തിൽ ഈടാക്കേണ്ട തുക 3390 രൂ. ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

1-27 ഇ-ടെൻണ്ടർ ഫീസ് പഞ്ചായത്തിന്റെ തനതുഫണ്ടിൽ യഥാസമയം അടവാക്കുന്നില്ല.

ഇ-ടെൻണ്ടർ നടത്തുമ്പോൾ ടെണ്ടർ ഫീസ് ഇനത്തിൽ അസി. എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് വരുന്ന തുകകൾ പഞ്ചായത്തിന്റെ തനതുഫണ്ടിൽ യഥാസമയം അടവാക്കുന്നില്ല.

അസി. എൻജിനിയർ ഇ-ടെൻണ്ടർനടത്തുമ്പോൾ ടെൻണ്ടർ ഫീ അടവാക്കുന്നതിന് എസ്.ബി.ഐയിൽ പ്രത്യേക ബാങ്ക് അക്കൗണ്ട് തുടങ്ങണമെന്ന് സ.ഉ.(സാധാ) നം.3186/16 ത.സ്വ.ഭ.വ, തീയ്യതി. 2-10-2017 സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ ഈ അക്കൗണ്ടിൽ വരവ് ഉണ്ടാകുന്ന തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അസി.എൻജിനിയർ ഇ-ടെൻണ്ടർ നടത്തുമ്പോൾ ടെൻണ്ടർ ഫീ അടവാക്കുന്നതിന് ഉപയോഗിക്കുന്ന ബാങ്ക് അക്കൗണ്ടിൽ (നം. 3736462260- SBI. Kanjirapuzha Branch) 31-3-2025ൽ ബാലൻസുള്ള 7220.5രൂ. പഞ്ചായത്തിന്റെ തനത് ഫണ്ടിൽ സാമ്പത്തിക വർഷം അവസാനിച്ചിട്ടും അടവാക്കിയിട്ടില്ല. ടി തുകകൾ തനത് ഫണ്ടിലേക്ക് കൈമാറാത്തത് ക്രമപ്രകാരമല്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (5/30-1-2026) ലഭ്യമാക്കിയ മറുപടിയിൽ ടി അക്കൗണ്ടിൽ ബാലൻസ് ഉള്ള തുകകൾ 19-5-2025ൽ തനത് ഫണ്ടിൽ അടവാക്കിയതായി അറിയിച്ചിട്ടുണ്ട്. സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ താമസംവിനാ ടി തുകകൾ അടവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-28 പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി അനുവദനീയമായ പരിധിയേക്കാളും നീട്ടി നൽകിയിരിക്കുന്നു.

പ്രവർത്തി പൂർത്തീകരണം വൈകിയാൽ കരാറുകാരന്റെ അപേക്ഷയിൻമേൽ തീരുമാനമെടുത്ത് സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കണം എന്നും പ്രവൃത്തിപൂർത്തീകരണം വൈകിയാൽ പരമാവധി രണ്ടു തവണയായി (ആദ്യ തവണ പ്രവൃത്തി പൂർത്തീകരണത്തിന്റെ പരമാവധി 25% വും രണ്ടാം തവണ പ്രവൃത്തി പൂർത്തീകരണത്തിന്റെ പരമാവധി 25% വും) ആകെ 50% വരെയാണ് പ്രവൃത്തി പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകാവുന്നത്. എന്നാൽ താഴെ സൂചിപ്പിച്ചിരിക്കുന്ന പ്രവൃത്തികളിൽ പിഴ ഈടാക്കിയിട്ടുണ്ടെങ്കിലും മേൽസൂചിപ്പിച്ച വ്യവസ്ഥ പാലിച്ചിട്ടില്ല.

പ്രോജക്ടിന്റെ നം., പേര് :	186/25-കടിയമ്പാല കുളം നവീകരണം.	159/25- അനക്സ് ബിൽഡിങ്ങിൽ പുതിയ കെട്ടിട നിർമാണം.
ചെലവ്: , ബിൽ നം., തീയ്യതി	വൗച്ചർ നം. 22401437/14-3-2025-583307/-	വൗച്ചർ നം. 22400420/9-8-2024-1526253/-
കരാറുകാരൻ:	സുരോജ്.ടി.	അജിത്ത് പ്രസാദ്
പൂർത്തീകരണ കാലയളവ്	8മാസം	10മാസം
കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി:	5-12-23	21-1-2024

പരമാവധി അനുവദിക്കാവുന്ന പൂർത്തീകരണ കാലയളവ്	4-4-2024 (4മാസം)	20-6-24 (5മാസം)
പൂർത്തീകരിച്ച തീയ്യതി:	6-3-2025	1-8-2024

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (26/4-2-2026) മറുപടി ലഭ്യമാക്കിയിട്ടില്ല. മരാമത്ത് ചട്ടങ്ങളിൽ നിഷ്കർഷിച്ച സമയപരിധിക്കുള്ളിൽ മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-29 ചെലവ് വിവരങ്ങൾ സുലേഖ സോഫ്റ്റ് വെയർ പ്രകാരമുള്ള ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല

തൻവർഷം നിർവ്വഹണം നടത്തുകയും ചെലവ് നടത്തിയതുമായ പല പ്രവൃത്തികളുടെയും ചെലവ് വിവരങ്ങൾ സുലേഖ സോഫ്റ്റ് വെയർ പ്രകാരമുള്ള ചെലവ് പത്രികയിൽ വന്നിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം	പേര്	ഫണ്ടിനം	ചെലവ് തുക
162/25	പരിയാനി കോളനി റോഡ് റീടാറിംഗ്	MG -Road	395273
183/25	7ാം വാർഡിലെ വിവിധ റോഡുകളിൽ കാറി വേസ്റ്റ്	MG -Road	32126

	ഇടൽ		
188/25	കാരാകുറുശ്ശി ആനക്കാപറമ്പ് റോഡ് സൈഡ് കെട്ടൽ	MG -Road	199485
192/25	സുകുപ്പടി മാങ്ങോട് കുണ്ടുകണ്ടം റോഡ് റീടാറിംഗ്	MG -Road	599859
195/25	കൂമ്പാറ കോളനി റോഡ് റീടാറിങ്ങ്	MG -Road	133268
196/25	ചിറക്കൽ കുന്ന് അംഗൻവാടി റോഡ് റീകോൺക്രീറ്റ്	MG -Road	141534

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (38/5-2-2026) അക്കൗണ്ട്സ് സെക്ഷനിൽ നിന്നും മറുപടി കിട്ടുന്ന മുറയ്ക്ക് അറിയിക്കാം എന്ന് സൂചിപ്പിച്ചിട്ടുണ്ട്. അപാകതയ്ക്ക് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-30 ഓഡിറ്റ് ഇംപാക്ട്- തൊഴിലുറപ്പ് പ്രവൃത്തിയിൽ അധികം നൽകിയ 3834/- രൂപ തിരികെ ഒടുക്കി

എം.ജി.എൻ.ആർ.ഇ.ജി.എസ്. മിഷൻ ഡയറക്ടറുടെ 17/8/2022 സർക്കുലർ നം. NREGA/724/2022-A3 പ്രകാരം തൊഴിലുറപ്പ് പ്രവൃത്തകൾക്ക് ഉപയോഗിക്കുന്ന സിമന്റിന് യഥാർത്ഥ മാർക്കറ്റ് നിരക്ക് മാത്രമേ നൽകാവു എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ടി

കാലയളവിൽ ജില്ലയിൽ സിമന്റിന് PWD അംഗീകൃത മാർക്കറ്റ് നിരക്ക് പ്രകാരം നൽകാവുന്ന പരമാവധി വിലയായ 430 രൂപയ്ക്ക് (50കിലോഗ്രാം ബാഗിന്) പകരം 475 രൂ. നിരക്കിൽ നൽകിയതിനാൽ താഴെ സൂചിപ്പിക്കും പ്രകാരം നഷ്ടം സംഭവിച്ചതായി കാണുന്നു.

പ്രോജക്ടിന്റെ പേര് :	കൊടിയത്ത് നാലു സെന്റ് കോളനി കോൺക്രീറ്റ്
ചെലവ്: , ബിൽ നം., തീയ്യതി വൗച്ചർ നം. , തീയ്യതി	FTO No. 1040826/13-2-24 – Rs. 19647 (Wages) FTO No. 220420241647/ 22-4-2025 – 83599 (Materials) Total 103246
കരാർ നം., അളവു പുസ്തകം:	482/23-24
മെറ്റീരിയൽ വിതരണം ചെയ്ത കരാറുകാരൻ:	രാധാകൃഷ്ണൻ
പ്രവൃത്തിക്ക് ആകെ വിതരണം ചെയ്ത സിമന്റിന്റെ അളവ്	4.26 ടൺ
അനുവദിച്ച നിരക്ക്	9500/ടൺ
നൽകിയ തുക	40470
അനുവദിക്കാവുന്ന നിരക്ക്	8600/ടൺ (430/ബാഗ്)

അനുവദിക്കാവുന്ന തുക	36636
അധികം അനുവദിച്ചത്.	3834

ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ (34/5-2-2026) അധികം അനുവദിച്ച തുക ട്രാൻസാക്ഷൻ ഐ.ഡി നം. 260368380336/5-2-2026 പ്രകാരം MGNREGS ന്റെ കേന്ദ്ര ഫണ്ടിലേക്ക് തിരികെ അടവാക്കിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. രസീതിയുടെ ആധികാരികത പരിശോധിച്ച് ഉറപ്പാക്കിയിട്ടുണ്ട്.

1-31 ലൈഫ് മിഷൻ - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

16.11.2013 ലെ സ.ഉ(എം.എസ്)നം.362/2013/ത.സ്വ.ഭ.വ പ്രകാരം ഗുണഭോക്താക്കൾ ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കണമെന്നും, 12 വർഷത്തേക്ക് കൈമാറ്റം ചെയ്യില്ലെന്ന് കരാറിൽ ഏർപ്പെടണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കൾ നിർവ്വഹണ ഉദ്യോഗസ്ഥനുമായി ചമച്ച കരാർ പ്രകാരം ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുമെന്നും അല്ലാത്ത പക്ഷം 12% പലിശ സഹിതം കൈപ്പറ്റിയ തുക തിരിച്ചടവാക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

വിവിധ ഗഡുക്കൾ കൈപ്പറ്റിയിട്ടുള്ള താഴെ പറയുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയുടെ വിശദാംശം റിമാർക്സ് കോളത്തിൽ ചേർത്തിട്ടുണ്ട്.

ക്രമ നം	ഗുണഭോക്താവിന്റെ പേര്	ആദ്യ ഗഡു കൈപ്പറ്റിയ തീയതി	അവസാനം തുക കൈപ്പറ്റിയ തീയതി	കൈപ്പറ്റിയ ആകെ തുക (Rs.)	റിമാർക്സ്
ജനറൽ വിഭാഗം					
1	മോഹനദാസൻ.സി,	11-01-2024	22-11-2024	140000	ഭൂമി സംബന്ധിച്ചുള്ള

	ചക്രാട്ടിൽ, വാഴമ്പുറം വാർഡ് -11 (ലൈഫ് ഐഡി നം.1059222)				തർക്കം ഉള്ളതിനാൽ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഭരണ സമിതിയുടെ നേതൃത്വത്തിൽ ഇടപെട്ട് പൂർത്തിയാക്കാൻ ശ്രമിക്കുന്നതാണ്.
2	ലക്ഷ്മി, കണ്ണയിൽ, കാരാകുറിശ്ശി വാർഡ് -11 (ലൈഫ് ഐഡി നം. 1051509)	01-01-2024	03-01-2025	300000	ഭവന നിർമ്മാണം പുരോഗമിക്കുന്നു
3	സുകുമാരൻ, മണ്ണുംതൊടി, കാരാകുറിശ്ശി വാർഡ് -10 (ലൈഫ് ഐഡി നം. 1061044)	22-01-2024	03-01-2025	360000	ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ബാത്ത് റൂമിന്റെ പണി കൂടി പൂർത്തിയാക്കുന്ന മുറയ്ക്ക് അവസാന ഗഡു നൽകുന്നതണ്.
എസ്.സി വിഭാഗം					
1	അജിത, മാങ്ങോട്, പള്ളിക്കുറുപ്പ് വാർഡ് -3 (ലൈഫ് ഐഡി നം. 954969)	13-06-2022	21-08-2024	340000	ഭവന നിർമ്മാണം പുരോഗമിക്കുന്നു
2	അക്കമ്മ, കുണ്ടുകണ്ടത്തിൽ,	04-09-2023	16-12-2024	254627	ഭവന നിർമ്മാണം പുരോഗമിക്കുന്നു

	നെല്ലിക്കുന്ന് വാർഡ് -3 (ലൈഫ് ഐഡി നം. 1050223)				
3	അക്കമ്മ, കൊടിയത്ത്, പൊന്തിയമ്പുറം വാർഡ് - 10 (ലൈഫ് ഐഡി നം.108846)	12-07-2024	ആദ്യ ഗഡു മാത്രം നൽകിയിട്ടുണ്ട്	40000	തറപണി പൂർത്തീകരിച്ചിട്ടുണ്ട്.
4	മുണ്ടി, കൊടിയത്ത്, വടക്കേക്കര വാർഡ് - 19 (ലൈഫ് ഐഡി നം.ലഭ്യമല്ല)	10-10-2024	ആദ്യ ഗഡു മാത്രം നൽകിയിട്ടുണ്ട്	40000	ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല
5	കണ്ണച്ചി, പുളിയങ്കോട്, വാഴമ്പുറം വാർഡ് -5 (ലൈഫ് ഐഡി നം.1052984)	24-09-2024	ആദ്യ ഗഡു മാത്രം നൽകിയിട്ടുണ്ട്	40000	ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല
6	വള്ളി, തോണിയിൽ, പുല്ലിശ്ശേരി വാർഡ് -16 (ലൈഫ് ഐഡി നം.1041188)	07-08-2023	19-03-2024	300000	നിരന്തരമായി ഇടപെട്ടിട്ടും പണിയിൽ കാര്യമായ പുരോഗതിയില്ല. ഭരണ സമിതിയെ അറിയിച്ച് തുടർ നടപടികൾ

					സ്വീകരിക്കുന്നതാണ്.
7	കുഞ്ഞിമുണ്ടി, മാതംപെട്ടി, വാഴമ്പുറം വാർഡ് -6 (ലൈഫ് ഐഡി നം.1008715)	22-12-2023	22-10-2025	260000	വാർപ്പിന്റെ ഘട്ടത്തിലാണ് . വാർപ്പ് പൂർത്തീകരിച്ചിട്ടില്ല.

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ഗുണഭോക്താക്കൾക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളിൽ നിന്നും നൽകിയ തുക കരാർ വ്യവസ്ഥകൾക്കനുസൃതമായി തിരികെ ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം . 20/02-02-2026)

1-32 കുടുംബാരോഗ്യ കേന്ദ്രത്തിലെ സായാഹ്ന ഒ പി പ്രവർത്തനത്തിനായി താത്കാലിക ഡോക്ടറുടെ നിയമനം - വേതനം അധികം നൽകി

കാരാകുറിശ്ശി കുടുംബാരോഗ്യ കേന്ദ്രത്തിലെ സായാഹ്ന ഒ പി പ്രവർത്തനത്തിനായി താത്കാലിക ഡോക്ടറെ നിയമിച്ച് വേതനം നൽകുന്നതിനായി സാമ്പത്തിക വർഷത്തിൽ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ പ്രകാരം തുകകൾ ചെലവഴിച്ചിട്ടുണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി

പ്രോജക്ട് നം., പേര്	81/25 - കുടുംബാരോഗ്യ കേന്ദ്രത്തിലെ ഡോക്ടറുയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും വേതനം
അടങ്കൽ	846000/-

ചെലവ്	815434/- (വികസന ഫണ്ട് - പൊതുവിഭാഗം സാധാരണ വിഹിതം)

10.07.2023 തീയതിയിലെ തദ്ദേശ സ്വയംഭരണ വകുപ്പ് സർക്കുലർ നം. ഡിബി3/143/ 2023 / തസ്വഭവ പ്രകാരം കുടുംബാരോഗ്യ കേന്ദ്രത്തിൽ ദിവസവേതന /കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് 11.2.2021 ലെ 29/2021/ധന ഉത്തരവ് പ്രകാരമുള്ള വേതനമാണ് നൽകേണ്ടത്. ആയതുപ്രകാരം കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ഡോക്ടർക്ക് പരമാവധി 57525 രൂപയും ദിവസവേതന അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ഡോക്ടർക്ക് പരമാവധി 52920 രൂപയുമാണ് വേതനമായി നൽകാവുന്നത്. 27-03-2024 തീയതിയിലെ 6(1) നമ്പർ ഭരണ സമിതി തീരുമാനം പ്രകാരം 01-04-2024 തിയതിയിൽ കരാർ (കരാർ നം.26AA 494017) അടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് നിയമിക്കപ്പെട്ട ഡോക്ടർ ഷിഫാന കാസിം, ചരിവുപുരയിടത്തിൽ ഹൗസ്, തച്ചമ്പാറ, പാലക്കാട് എന്നിവർക്ക് 2024 ഓഗസ്റ്റ് വരെയും തുടർന്ന് 19-09-2024 തീയതിയിലെ 1(1) നമ്പർ ഭരണ സമിതി തീരുമാനം പ്രകാരം 20-09-2024 തീയതിയിൽ കരാറടിസ്ഥാനത്തിൽ (കരാർ നം. N 404517) നിയമിച്ച ഡോക്ടർ ഹരിത കൃഷ്ണൻ, ജ്യോതിസ് ഹൗസ്, പള്ളിക്കുറുപ്പ്, മണ്ണാർക്കാട് എന്നിവർക്ക് 2025 മാർച്ച് വരെയും സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ച നിരക്കിൽ നിന്നും അധികരിച്ച നിരക്കിൽ ആണ് പ്രോജക്ട് പ്രകാരം വേതനം നൽകിയിട്ടുള്ളത്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഷിഫാന കാസിം, അക്കൗണ്ട് നമ്പർ - 33428025017 (SBIN0006455)(Resigned On 31-08-2024)

ഹരിത കൃഷ്ണൻ, അക്കൗണ്ട് നമ്പർ - 43444129827 (SBIN0008664)

(Resigned On 20-03-2025)

ക്രമ നം.	ട്രഷറി ബിൽ നം./ തീയതി, തുക(Rs.) (ഡോക്ടറുടെയും	വേതനം നൽകിയതിന്റെ വിശദാംശങ്ങൾ	നൽകിയ വേതനം	നൽകാവുന്ന വേതനം (Rs.)	അധികം നൽകിയത് (Rs.)

	ഫാർമസിസ്റ്റിന്റെയും ഉൾപ്പെടെയുള്ള വേതനമാണ് ബിൽ പ്രകാരം നൽകിയിട്ടുള്ളത്)				
1	1/11-07-2024 , 175271/-	ഏപ്രിൽ/2024 (Joined On 02-04-2024)	56057 (29 Days)	57525 * 29/30 = 55608	449/-
		മെയ്/2024 (Leave From 01-05-2024 To 29-05-2024)	1871/- (1 Day)	57525 * 1/31 =1855	16/-
		ജൂൺ/2024	58000/-	57525/-	475/-
2	10/09-08-2024, 78000/-	ജൂലൈ/2024	58000/-	57525/-	475/-
3	12/26-09-2024, 78000/-	ഓഗസ്റ്റ് /2024	58000/-	57525/-	475/-
4	16/16-12-2024, 21263/-	സെപ്റ്റംബർ/2024 (Joined On 20-09-2024)	21263/- (11 Days)	21093/-	170/-
5	15/16-12-2024, 78000/-	ഒക്ടോബർ /2024	58000/-	57525/-	475/-
6	20/31-12-2024, 78000/-	നവംബർ/2024	58000/-	57525/-	475/-
7	24/09-01-2025, 78000/-	ഡിസംബർ/2024	58000/-	57525/-	475/-
8	31/10-03-2025, 78000/-	ജനുവരി/2025	58000/-	57525/-	475/-
9	37/14-03-2025, 78000/-	ഫെബ്രുവരി/2025	58000/-	57525/-	475/-

10 11	51/25-03-2025, 37420/-	മാർച്ച് /2025	37420/- (20 Days)	37113/-	307/-
ആകെ അധികം നൽകിയത്					4742/-

മേൽ സൂചിപ്പിച്ച പ്രകാരം അധിക നിരക്കിൽ വേതനം നൽകിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. വേതനം ഇനത്തിൽ അധികമായി നൽകിയ 4742/-- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി, വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.35/05-02-2026)

<u>1-33 പൊതു ടാപ്പുകൾ പ്രവർത്തക്ഷമമാണെന്ന് ഉറപ്പ് വരുത്താതെ വെള്ളക്കരം ഒടുക്കി വരുന്നു</u>

കേരള വാട്ടർ അതോരിറ്റി ഷൊർണ്ണൂർ പി.എച്ച് ഡിവിഷനിൽ നിന്നും പഞ്ചായത്തിലെ 6 പൊതു ടാപ്പുകളുടെ വെള്ളക്കരം ഡിമാന്റ് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ബിൽ നം./ തീയതി	28.02.2025 വരെയുള്ള കുടിശ്ശിക	ഫൈൻ	തൻമാസ ഡിമാന്റ്	ആകെ ഡിമാന്റ് തുക
94207/10.03.2025	23204 രൂപ	601 രൂപ	7280 രൂപ	31085 രൂപ.

മേൽ ബിൽ പ്രകാരമുള്ള തൻമാസത്തെ ഡിമാന്റായ 7280 രൂപ (ചെക്ക് നം. JP01069182/18.03.2025) വാട്ടർ അതോറിറ്റിയിലേക്ക് അടവാക്കിയിട്ടുണ്ട്.

നിലവിൽ വെള്ളക്കരം അടക്കുന്ന പൊതു ടാപ്പുകൾ പഞ്ചായത്തിലെ ഏതെല്ലാം

സ്ഥലങ്ങളിലാണ് എന്നതിന്റെ വിവരവും വെള്ളക്കരമിനത്തിലുള്ള കുടിശ്ശിക അടവാക്കാത്തതിനുള്ള കാരണവും അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം. 27/04.02.2026) മറുപടി ലഭ്യമാക്കിയിട്ടില്ല.

നിലവിൽ വെള്ളക്കരം ഡിമാന്റ് ചെയ്യുന്ന പൊതു ടാപ്പുകൾ പഞ്ചായത്തിലെ ഏതെല്ലാം സ്ഥലങ്ങളിലാണ് എന്നതിൽ വ്യക്തതവരുത്തേണ്ടതും പ്രവർത്തനക്ഷമമല്ലാത്ത പൊതു ടാപ്പുകൾ വിഛേദിക്കുവാനുള്ള മേൽനടപടികൾ സ്വീകരിക്കേണ്ടതും വെള്ളക്കരമിനത്തിലുള്ള കുടിശ്ശിക കൃത്യമാണെന്ന് ഉറപ്പ് വരുത്തി സമയബന്ധിതമായി കുടിശ്ശിക ഒടുക്ക് വരുത്തുകയും ചെയ്യേണ്ടതാണ്.

1-34 ഐ.കെ.എം. പഞ്ചായത്ത് വിഹിതം - വിനിയോഗ വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല

പ്രൊജക്ട് നം., പേര്	41/25, ഐ.കെ.എം. പഞ്ചായത്ത് വിഹിതം
അടങ്കൽ	106183 രൂപ (വികസന ഫണ്ട് - പൊതുവിഭാഗം)
ചെലവ്	ബിൽ നം. 29/20.06.2024 – 106183 രൂപ
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി

മേൽ പദ്ധതി പ്രകാരം പ്രവർത്തന ഫണ്ടിനത്തിലുള്ള 106183 രൂപ ഐ.കെ.എമ്മിന്റെ അക്കൗണ്ടിലേക്ക് (UTR No. RBI2582405621372) മാറി നൽകിയിട്ടുണ്ട്. എന്നാൽ ഐ.കെ.എമ്മിൽ നിന്നും തുക വിനിയോഗിച്ചതിന്റെ വിശദാംശങ്ങളടങ്ങിയ വിനിയോഗ സാക്ഷ്യപത്രം വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം. 10/31.01.2026) വിനിയോഗ

സാക്ഷ്യപത്രം ലഭ്യമാക്കി അറിയിക്കുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്.

പ്രവർത്തന ഫണ്ടിനത്തിലുള്ള 106183 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഐ.കെ.എമ്മിൽ നിന്നും ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

1-35 ഇലക്ട്രിക്ക് പോസ്റ്റ് മാറ്റുന്നതിന് കെ.എസ്.ഇ.ബിക്ക് തുക കൈമാറൽ - ഡെപ്പോസിറ്റ് വർക്ക് - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

പ്രൊജക്ട് നം., പേര്	55/25, ഇലക്ട്രിക്ക് പോസ്റ്റ് മാറ്റുന്നതിന് കെ.എസ്.ഇ.ബിക്ക് തുക കൈമാറൽ
അടങ്കൽ	196000 രൂപ (വികസന ഫണ്ട് - എസ്.സി.പി)
ചെലവ്	1) ബിൽ നം. 373/14.03.2025 – 88734 രൂപ 2) ബിൽ നം. 22/19.06.2024 – 62554 രൂപ 3) ബിൽ നം. 23/19.06.2024 – 39410 രൂപ ആകെ - 190698 രൂപ
നിർവഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി

പഞ്ചായത്തിലെ വിവിധ വാർഡുകളിലെ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റുന്നതിനായുള്ള പദ്ധതി ഡെപ്പോസിറ്റ് വർക്കായി ചെയ്യുന്നതിനായി ആകെ 190698 രൂപ തച്ചമ്പാറ കെ.എസ്.ഇ.ബി.

ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് (നം. 57054638539, IFSC - SBIN0006455) മാറി നൽകിയിട്ടുണ്ട്.

കെ.എസ്.ഇ.ബിയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ, കരാർ, വിനിയോഗ സാക്ഷ്യപത്രങ്ങൾ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം. 09/31.01.2026) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1. സ.ഉ(കൈ)നം.84/2022/ത.സ്വ.ഭ.വ തീയതി 19.04.2022 പ്രകാരമുള്ള 14-ാം പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 12.2.(5) ഡി.Ii പ്രകാരം കെ.എസ്.ഇ.ബിയുമായി കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രം തുക മുൻകൂറായി നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2. "ഇലക്ട്രിക്ക് പോസ്റ്റ് മാറ്റുന്നതിന് കെ.എസ്.ഇ.ബിക്ക് തുക കൈമാറൽ" പദ്ധതിയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നുണ്ടെന്ന് മോണിറ്ററിംഗ് കമ്മിറ്റികൾ ഉറപ്പ് വരുത്തേണ്ടതും പ്രവൃത്തി പൂർത്തിയാവുന്ന മുറയ്ക്ക് ധനവിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കി അറിയിക്കേണ്ടതുമാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-36 ദുരിതാശ്വാസ നിധി - ചട്ട പ്രകാരം വിനിയോഗിക്കുന്നില്ല

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ട പ്രകാരം പഞ്ചായത്തിൽ പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും പേരിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട്.

ദുരിതാശ്വാസ നിധിയുടെ തൻവർഷത്തെ വരവ് ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ബാങ്കിന്റെ പേര് : കാരാകുറുശ്ശി സർവ്വീസ് കോ.ഓപ്പറേറ്റീവ് ബാങ്ക്

അക്കൗണ്ട് നം. : KAB0040050000906

മുന്നിരിപ്പ്	വരവ്	ചെലവ്	നീക്കിയിരിപ്പ്
19097 രൂപ	0	0	19097 രൂപ

തൻവർഷത്തെയും കഴിഞ്ഞ വർഷത്തേയും ദുരിതാശ്വാസ നിധി പരിശോധിച്ചതിൽ ചട്ട പ്രകാരം പറഞ്ഞ കാര്യങ്ങൾക്ക് തുക വിനിയോഗിച്ചതായി കാണുന്നില്ല. മാത്രമല്ല കഴിഞ്ഞ വർഷം പലിശയിനത്തിൽ 735 രൂപ വരവുണ്ടായിരുന്നു. എന്നാൽ തൻവർഷം പലിശയിനത്തിൽ വരവ് ലഭിച്ചതായി കാണുന്നില്ല.

ചട്ട പ്രകാരം ദുരിതാശ്വസ നിധി സ്വരൂപിക്കാത്തതിനും വിനിയോഗിക്കാത്തതിനും തൻവർഷം പലിശയിനത്തിൽ വരവ് ലഭിക്കാത്തതിനുമുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം. 13/02.02.2026) ദുരിതാശ്വാസ നിധി സ്വരൂപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും KYC പുതുക്കുന്നതിനുള്ള രേഖകൾ ബാങ്കിൽ നൽകിയിട്ടുണ്ടെന്നും തൻവർഷത്തെ പലിശ ഉൾപ്പെടെ നാളിതുവരെയുള്ള പലിശ ലഭ്യമാക്കി അറിയിക്കുന്നതാണെന്നുമുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾക്ക് വിധേയമായി ദുരിതാശ്വസ നിധി സ്വരൂപിക്കുന്നതിനും വിനിയോഗിക്കുന്നതിനുമുള്ള മേൽനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-37 പട്ടിക ജാതി കുടുംബങ്ങൾക്ക് പി.വി.സി. വാട്ടർ ടാങ്ക് വിതരണം - ഗുണഭോക്തൃ വിഹിതം അധികമായി ഈടാക്കിയിരിക്കുന്നു

പ്രൊജക്ട് നം., പേര്	23/25, പട്ടിക ജാതി കുടുംബങ്ങൾക്ക് പി.വി.സി. വാട്ടർ ടാങ്ക് വിതരണം
അടങ്കൽ	192000 രൂപ (വികസന ഫണ്ട് (എസ്.സി.പി) - 144000, ഗുണഭോക്തൃ വിഹിതം - 48000)
ചെലവ്	1. ബിൽ നം. 574/14.03.2025 – 76725 രൂപ 2. ബിൽ നം. 654/22.03.2023 – 29700 രൂപ 3. ബിൽ നം. 576/14.03.2023 – 25575 രൂപ 4. ബിൽ നം. 655/22.03.2023 – 9900 രൂപ 141900 രൂപ (വികസന ഫണ്ട് (എസ്.സി.പി) - 106425, ഗുണഭോക്തൃ വിഹിതം - 35475)

എ.എച്ച്. വുഡ് ഇൻഡസ്ട്രീസിന്റെ ഇൻവോയ്സ് നം./ തീയതി, തുക	1. 0154/12.03.2025, 102300 രൂപ 2. 0235/22.03.2025, 39600 രൂപ
നിർവഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് സെക്രട്ടറി

കാരാകുറുശ്ശി ഗ്രാമപഞ്ചായത്തിലെ പട്ടിക ജാതി കുടുംബങ്ങളിൽ കുടിവെള്ള പ്രശ്നം പരിഹരിക്കുകയാണ് പദ്ധതി ലക്ഷ്യം. ഇതിനായി ആകെ 43 വാട്ടർ ടാങ്കുകൾ GeM മുഖേന എ.എച്ച്. വുഡ് ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്.

പദ്ധതി നിർവ്വഹണ രേഖകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഒരു വാട്ടർ ടാങ്കിന്റെ വില - 3300 രൂപ.

വാട്ടർ ടാങ്കിന്റെ വിലയുടെ 75% സബ്സിഡിയും 25% ഗുണഭോക്തൃ വിഹിതവുമാണ്. 825 രൂപയാണ് (3300 രൂപയുടെ 25%) ഗുണഭോക്തൃ വിഹിതമായി ഈടാക്കേണ്ടിയിരുന്നത്. എന്നാൽ 43 ഗുണഭോക്താക്കളിൽ നിന്നും 1000 രൂപ വീതമാണ് ഗുണഭോക്തൃ വിഹിതമായി വിവിധ രസീതികൾ മുഖേന ഈടാക്കിയിട്ടുള്ളത്.

ആകെ ഈടാക്കിയ ഗുണഭോക്തൃ വിഹിതം : 43x1000 = 43000 രൂപ.

ഗുണഭോക്തൃ വിഹിതമായി അധിക തുക ഈടാക്കുവാനുള്ള കാരണം വ്യക്തമല്ല.

2. മേൽ പദ്ധതികൾ പ്രകാരം ഗുണഭോക്തൃ വിഹിതമിനത്തിൽ ആകെ 35475 രൂപയാണ് ചെലവുള്ളത്. ഗുണഭോക്തൃ വിഹിതമിനത്തിലുള്ള 7525 രൂപ (43000-35475) ചെലവഴിക്കാതെ തനത് ഫണ്ടിൽ അവശേഷിക്കുന്നു. ഈ തുക ഗുണഭോക്താക്കൾക്ക് തിരികെ നൽകുന്നതിനുള്ള മേൽനടപടികൾ സ്വീകരിച്ചിട്ടില്ല.

3. പതിനാലാം പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (29.04.2022 ലെ

സ.ഉ(കൈ)നം. 84/2022/തസ്വഭവ) ഖണ്ഡിക 14 പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രൊജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. ഇത്തരത്തിൽ തയ്യാറാക്കിയിട്ടുള്ള മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻകയറിക്ക് (നം. 14/02.02.2026) അധികമായി ഈടാക്കിയ ഗുണഭോക്തൃ വിഹിതം അതത് ഗുണഭോക്താക്കൾക്ക് തിരികെ നൽകി വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കുന്നതാണെന്നുമുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

തുടർ നടപടികളുടെ വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-38 വാർഷിക ധനകാര്യ പത്രികയിലേയും സുലേഖ ചെലവ് പത്രികലേയും ചെലവ് തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണം, വിലയിരുത്തൽ, അംഗീകാരം, പരിഷ്കരണ പ്രക്രിയകൾ, ചെലവ് ട്രാക്കിംഗ് എന്നിവ നിരീക്ഷിക്കുന്നതിനായി പ്രത്യേകം രൂപകൽപ്പന ചെയ്തിട്ടുള്ള സോഫ്റ്റ്വെയറാണ് സുലേഖ. സംസ്ഥാന സർക്കാരിന്റെയും സംസ്ഥാന ആസൂത്രണ ബോർഡിന്റെയും ആവശ്യകതകൾക്ക് സുലേഖയിലെ ചെലവ് വിവരങ്ങളാണ് ആധികാരികമായി എടുക്കുന്നത്. എന്നാൽ കാരാകുറുശ്ശി ഗ്രാമപഞ്ചായത്തിൽ 2024-25 വർഷത്തിൽ വിവിധ നിർവഹണ ഉദ്യോഗസ്ഥർ നിർവ്വഹണം നടത്തിയിട്ടുള്ള പല പദ്ധതികളുടെയും ചെലവ് വിവരങ്ങൾ സുലേഖയിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ തന്നെ വാർഷിക ധനകാര്യ പത്രികയിലേയും സുലേഖ ചെലവ് പത്രികലേയും ചെലവ് തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

മേൽ പ്രകാരം വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയിൽ വന്നിട്ടുള്ള വ്യത്യാസത്തിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഫണ്ടിനം	തൻവർഷത്തെ ചെലവ് വാർഷിക ധനകാര്യ പത്രിക പ്രകാരം	തൻവർഷത്തെ ചെലവ് സുലെഖ ചെലവ് പത്രിക പ്രകാരം	വ്യത്യാസം
വികസന ഫണ്ട് -ജനറൽ	22376375	20361577	2014798
വികസന ഫണ്ട് - എസ്.സി.പി	10383000	9381054	1001946
മെയിന്റനൻസ് ഗ്രാന്റ് - റോഡ്	7633484	3259659	4373825
മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്	4834000	4698220	135780
	ആകെ വ്യത്യാസം		7526349 രൂപ

1. പദ്ധതിയുടെ ചെലവ് വിവരങ്ങൾ സുലേഖയിൽ ഉൾപ്പെടുത്താത്തതിനുള്ള ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രൊജക്ട് നം., പേര്	നിർവഹണ ഉദ്യോഗസ്ഥൻ	അടങ്കൽ	ചെലവ്
1	259/25, എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് (സ്പിൽ ഓവർ)	അസിസ്റ്റന്റ് സെക്രട്ടറി	640000 രൂപ (വികസന ഫണ്ട് - എസ്.സി.പി)	596800 രൂപ (വികസന ഫണ്ട് - എസ്.സി.പി)
2	200/25, പുനത്തിൽ	അസിസ്റ്റന്റ്	300000 രൂപ	293518 രൂപ

	പള്ളിയാൽ റോഡ് നവീകരണം (സ്പിൽ ഓവർ)	എഞ്ചിനീയർ	(മെയ്ന്റനൻസ് ഗ്രാന്റ് - റോഡ്)	(മെയ്ന്റനൻസ് ഗ്രാന്റ് - റോഡ്)
3	211/25, വടുതല പറോപ്പാടം റോഡ് റീ കോൺക്രീറ്റ് (സ്പിൽ ഓവർ)	അസിസ്റ്റന്റ് എഞ്ചിനീയർ	300000 രൂപ (മെയ്ന്റനൻസ് ഗ്രാന്റ് - റോഡ്)	298531 രൂപ (മെയ്ന്റനൻസ് ഗ്രാന്റ് - റോഡ്)
4	245/25, കളി ഉപകരണങ്ങൾ വാങ്ങൽ - ജി.എൽ.പി.എസ്. പുള്ളുവായിൽക്കുന്ന് പാർക്ക്	ഹെഡ് മാസ്റ്റർ	150000 രൂപ (മെയ്ന്റനൻസ് ഗ്രാന്റ് - നോൺ റോഡ്)	135780 രൂപ (മെയ്ന്റനൻസ് ഗ്രാന്റ് - നാൺ റോഡ്)
5	45/25, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	1675000 രൂപ (വികസന ഫണ്ട് - ജനറൽ)	595000 രൂപ (വികസന ഫണ്ട് - ജനറൽ)
